പുസ്തകം ൨ ലക്കം ൫

൧൦൬൮-ാം ൧൮൯൨ ഇടവം ൩൦ ൹

മലങ്കര

ഇടവകപത്രിക

മാസംതോറും പ്രസിദ്ധപ്പെടുത്തുന്നതു.

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ

അല്ലാതെ പുകഴ്ച ചെയ്വാൻ സംഗതി വരരുതു.

(മാർ പൌലൂസ.)

സംഗതിവിവരം.

	പുറം
തി. ക്രി. കു. സംഘംവക പരസ്യം	൨൬൧
നോട്ടീസുകൾ	ടി
സി. എം. എസ്സ കോളെജിനെക്കുറിച്ചു	൨൬൨
നവീകരണ സംഘത്തെക്കുറിച്ചു	൨൬൩
നവീകരണവും ദാവീദും	൨൬൪
നവീകരണം	൨൬൮
കൈവെപ്പു	൨൭൧
സൂചനകൾ	൨൭൩
ഒരുസമ്മാനംനല്കുതൽ	൧൭൪
അസോസിയേഷൻ കടച്ചീട്ടു	൨൭൬

ADVERTISEMENTS

മാർ തൊമാസു അച്ചുകൂട്ടത്തിൽ വില്പാനുള്ള പുസ്തകങ്ങൾക്കു വിവരം.

		വില ചക്രം
൧	വൈദ്യമാലിക എന്ന ചികിത്സപുസ്തകം രൂപാ ൧	൭
൨	മുഴുവൻ നമസ്കാരക്രമം	൧൬
൩	നിത്യനമസ്കാരക്രമം	൯
൪	റോമ്മായിന്റെ നമസ്കാരക്രമം	൪
൫	രോമ്മാ മേലധികാരം The Roman Supremacy	൩
൬	മതസംഗതികൾ.	൫
൭	ബൈക്കുകമ്മട്ടി വക രണ്ടാം പാഠം.	൩
൮	കണക്കുപുസ്തകം	൨
൯	കുർബാനക്രമം	൧
൧൦	കുട്ടികൾ അഭ്യസിക്കേണ്ട സുശീലങ്ങൾ	൧
൧൧	ഒന്നാം ചോദ്യോത്തരം	൧

കച്ചവടക്കാർക്കു പത്തിനു ഒന്നര വീതം കമ്മീഷൻ കൊടുക്കുന്നതാകുന്നു.

മലങ്കര ഇടവകപ്പത്രവരി അടച്ചവരുടെ പേരുവിവരം.

൬൮. മെടം ൨൧നു-മുതൽ ൬൮. ഇടവം ൨൮നു-വരെ

		ബ്രിട്ടീഷ് രൂപാ	ചക്രം	കാശു
൨൭൪	രാ. രാ. ഉതുപ്പുടികത്തു നൈനാ അവർകൾ	൧	൧൪	,,
൨൭൮	ബ. കൊഴഞ്ചേരി പുത്തൻപള്ളിയോഗം	൧	൧൪	,,
൨൮൬	ബ. റാന്നിയിൽ പുത്തൻപുരയ്ക്കൽ അച്ചൻ ,	൧	൧൪	,,
൩൨൦	രാ. രാ. ഇഞ്ചക്കലൊടിൽ ജോൺ ,	൧	൧൪	,,
൫൧൬	രാ. രാ. സി. ലൂക്കവൈദ്യൻ ,	൧	൧൩	൮
൬൨൬	രാ. രാ. എം. മാത്യു വാക്കീൽ ,	൧	൧൩	൮
൩൬൩	രാ. രാ. കടമ്പനേരിയിൽ കുഞ്ചെറിയ ,	൧	൧൪	,,
൬൩൫	രാ. രാ. കിഴക്കെവീട്ടിൽ മുതലാളി ,	൧	൧൩	൮

മലങ്കര

ഇടവകപത്രിക

മംഗളം

പക്ഷിശ്രേഷ്ഠിലലക്ഷ്യമായ്മരുവുന്നണ്ഡത്തിലങ്ങുള്ളിയിൽ
പക്ഷികാളൊരു ജീവനിട്ടമുതപാകിക്കാത്തുരക്ഷിക്കുമ്പോൾ
ലക്ഷോപലക്ഷമസംഖ്യരാശ്യമൊരുപോൽ ജീവാദിസർവ്വത്തെയും
രക്ഷിച്ചീടിനസർവ്വശക്തനൊരുവൻ നൽകീട്ടുരക്ഷിക്കണം

ചെങ്ങന്നൂർ തോമ്മാച്ചെമ്മാശ്ശു.

തിരുവിതാംകൂർ ക്രിസ്തീയകുഡുംബസഹായസംഘംവക പരസ്യം

൧൮൮൭ സെപ്റ്റംബർ ൧൦-ാംനു-ക്കു. ൧൦൬൩ ചിങ്ങം ൨൬-ാംനു- സ്ഥാപിക്കപ്പെട്ട ഈ സംഘത്തിൽ എല്ലാവക ക്രിസ്ത്യാനികളിലും ൪൦ വയസ്സിനുതാഴെയുള്ളവരും സുഖദേഹികളുമായ എല്ലാസ്ത്രീപുരുഷന്മാൎക്കും ചേരാവുന്നതും ൧൦൦൦ അംഗങ്ങളിൽ കൂടുതലായി ഒരുത്തരെയും ചേൎക്കാത്തതും ആകുന്നു ഒരു അംഗം മരിക്കുമ്പോൾ ശേഷിച്ചിരിക്കുന്നവർ ഓരോ രൂപാ കൊടുക്കേണ്ടതും ഇങ്ങിനെ ശേഖരിക്കുന്ന മുതലിൽ ആറിൽ അഞ്ചു ഓഹരി മരിച്ച അംഗത്തിന്റെ അവകാശിക്കു കൊടുക്കുന്നതും ശേഷം സംഘമുതലിൽ ചേൎക്കുന്നതുമാകുന്നു ഇതുവരെ ൨൯൧ അംഗങ്ങൾ ഈ സംഘത്തിൽ ചേൎന്നിരിക്കുന്നു. അപേക്ഷയോടുകൂടി പ്രായസാക്ഷ്യവും ഒരു അപ്പോത്തിക്കരിയുടെ സുഖസാക്ഷ്യസൎട്ടിപ്പിക്കെറ്റും അയക്കേണ്ടതാകുന്നു,

പ്രവെശനഫീസു വിവരം

൧൮ വയസ്സു മുതൽ ൨൫ വയസ്സുവരെ ഉള്ളവൎക്കു രൂപാ ൩൪

൨൫	,,	൩൦	,,	൭൬
൩൧	,,	൩൫	,,	൯൪
൩൫	,,	൪൦	,,	൧൨൪

ഇലഞ്ഞിക്കൽ വക്കീ വക്കി ഹൊനൊറെറി സിക്രട്ടറി

നോട്ടീസ്സു

കൊട്ടയംമുതൽ തെക്കോട്ടുള്ള മലങ്കര ഇടവകപത്രികയുടെ പത്രവരി പിരിക്കുന്നതിന്നായി സിമ്മനാരി ശിഷ്യായി ആകുന്ന കൊല്ലം ആദിച്ചനെല്ലൂർ പ്രവൃത്തിയിൽ തഴുത്തലച്ചേരിയിൽ പുത്തൻവീട്ടിൽ മുത്തുകറുപ്പൻ മുത്തുകറുപ്പപിള്ളയെ നിയമിച്ചു രസീതുകൾപ്പിട്ടു എല്പിച്ചിരിക്കുന്നതിനാൽ പത്രവരി കൊടുപ്പാൻ ഉള്ളവർ എല്ലാവരും ഇയാളുടെ

പ്പെകൽ മാത്രം കൊടുത്ത രസീതു വാങ്ങിക്കേണ്ടതും അവധിപറഞ്ഞ ബു ദ്ധിമുട്ടിക്കാതെ അവരവർ കൊടുപ്പാനുള്ള പത്രവരി ദയവായി ഉടനെ കൊടുത്തയക്കണമെന്നു ഇതിനാൽ അറിവിച്ചുകൊള്ളുന്നു. എന്ന ൧൦൬൭-ാമാണ്ട മീനമാസം ൧൫-ാംക — മാനേജർ പി. ജെ. ഇട്ടൂപ്പ്

മലങ്കര ഇടവകപ്പത്രിക ൧൯-ാം ലക്കം വരെ കഴിഞ്ഞിട്ടും പത്രവരി അടയ്ക്കാത്തവർ രസീതു കൊണ്ടുവരുന്ന ആൾവശമൊ തപാലു മണി ഓഡരായൊ പത്രവരി തന്നില്ലെങ്കിലും താമസത്തിനിടവരുത്താതെ അയച്ചുതരുവാറാകണം. എന്നു പി. ജെ. ഇട്ടൂപ്പ് മാനേജർ —

മലങ്കര ഇടവകപ്പത്രിക പത്രാധിപരവർകൾക്കു.

പ്രിയപത്രാധിപരവർകളെ, ഞാൻ കൊട്ടയത്തെ സി. എം. എസ്സ കൊളെജിൽ കുറെനാൾ പഠിച്ചിട്ടുള്ള ഒരു സുറിയാനിക്കാരനാകയാൽ എന്നോടും എന്റെ മുമ്പന്മാരും പിമ്പന്മാരുമായ സുറിയാനികുട്ടികളോടും അവിടത്തെ അദ്ധ്യക്ഷന്മാരുടെ പെരുമാറ്റങ്ങളെപ്പറ്റി കുറെഞാനു എന്റെയും അവരുടെയും രക്ഷകർത്താക്കന്മാരുടെയും മറ്റുംഅറിവിനായി താഴെ ചേർക്കുന്ന ലേഖനത്തെ നിങ്ങളുടെപത്രികയിൽ പ്രസിദ്ധം ചെയ്യാനപേക്ഷിക്കുന്നു.

൧-ാം സി എം എസ്സ കോളെജിന്റെ ആദ്യത്തെ പേരു സിറിയൻകോളെജ എന്നായിരുന്നു. കുറെക്കാലംകഴിഞ്ഞപ്പോൾ ഏതുകാരണത്താലൊ ആ പേരുമാറ്റി സി. എം. എസ്സ സിറിയൻ കാളെജ എന്നാക്കി. അതുംകഴിഞ്ഞമുമ്പു അവിടെ പ്രിൻസിപ്പാലായിരുന്ന ജെ. എച്ച. ബിഷോപ്പുസായ്പിന്റെകാലത്തു സിറിയൻ എന്നുള്ള വിശെഷണംമാറ്റി വെറും സി. എം. എസ്സ കോളെജ എന്നാക്കിതീർത്തു ഇപ്പൊഴുള്ള പേരുംഅതുതന്നെ ആകുന്നു. ഇവർ ൨-ാം പേരുമാറ്റിയതിന്റെ ഉദ്ദെശ്യവുംകാരണവുംഎന്താണെന്നു വായനകാർതന്നെ വിധിക്കട്ടെ ൨-ാം പേരുമാറ്റിയതിനെപ്പറ്റി ക്രിസ്ത്യൻ പെയിറ്റ്റിയട്ട എന്ന ഇംഗ്ലീഷു കടലാസിൽ ആരൊ ചോദിച്ചിരുന്നാറെ ഒരുത്തരും ശരിയായസമാധാനം അന്നുപറഞ്ഞിട്ടില്ല. ഉണ്ടെങ്കിൽ പറയട്ടെ ആ കടലാസുതന്നെ സാക്ഷിയായി ഞാൻ ഹാജരാക്കാം. ൨-ാം പേരുമാറ്റിയതുപൊലെതന്നെ സുറിയാനികുട്ടികളൊടുള്ള ഇവരുടെ പെരുമാറ്റവും മാറ്റിതുടങ്ങി ൨-ാം കോളെജ നടത്തുന്നതിനുള്ള മൂലധനത്തിൽ മുഖ്യമായതു സുറിയാനികുട്ടികളുടെ വിദ്യാഭ്യാസത്തിനായി തിരുവനന്തപുരത്തുനിന്നും കല്പിച്ചുകൊടുത്തിട്ടുള്ള കല്ലെടമണ്ട്രൊ തുരുത്താണെന്നുള്ള വിവരംവായനകാർ എല്ലാവരും അറിഞ്ഞിട്ടില്ലെങ്കിൽ ഇപ്പൊഴെങ്കിലും അറിഞ്ഞുകൊള്ളുവിൻ. ഇതു നായുടെകയ്യിൽ മീൻസൂക്ഷിക്കാൻ കൊടുത്തതുപോലെ സുറിയാനികുട്ടികളെ വിദ്യഅഭ്യസിപ്പിക്കാൻ കമ്മട്ടിക്കാർ ഇവരെ ഏല്പിച്ചിരിക്കുന്നു ആദ്യകാലത്തു സുറിയാനികുട്ടികളെ വളരെ ആദരവായി വിചാരിച്ചുവന്നു. പിന്നെകാലക്രമെണ ഭെദപ്പെട്ടു ഭെദപ്പെട്ടു ഇപ്പൊൾ അവരെവളരെ നിന്ദയായി വിചാരിക്കുന്നു. ഇവിടെമുമ്പു അദ്ധ്യക്ഷനായിരുന്ന ബിഷോപ്പുസായ്പ പഠിപ്പിക്കുന്നതിനു വളരെ യോഗ്യനും കണിശക്കാരനുമായിരുന്നു എങ്കിലുംഅദ്ദേഹവും സുറിയാനികുട്ടികളെ നന്നാ ഉപദ്രവിച്ചിട്ടുണ്ട. ഞായറാഴ്ചവിവാഹം കഴിപ്പാ

ൻപോയ സുറിയാനികുട്ടികളുടെ സഹായികധനം നിറുത്തൽചെയ്കയും അവക്കു പ്രായശ്ചിത്തം നിശ്ചയിക്കയും ചെയ്തിട്ടുണ്ടു. ഇതനുഭവിച്ചവർ ഇതാഇന്നും ദൈവകൃപയാൽ സുറിയാനിക്കാർ ആയിതന്നെ ഇരിക്കുന്നു ഇതുകൂടാതെ നിർബ്ബന്ധത്താൽ സുറിയാനികുട്ടികളെ സ്ഥിരീകരണത്തിനുപഠിപ്പിക്കയും ഒരിക്കലും അവരുടെതലമേൽ കൈവെപ്പാൻ അഹർതയില്ലാത്ത ബിഷോപ്പിന്റെകൈ അവരുടെതലമേൽ വെപ്പിക്കയുംചെയ്തിട്ടുണ്ടു. എന്നിട്ടുംമേല്പ്പാചിന്റെ ബലത്താൽഅവരും സുറിയാനിക്കാരായി ജീവിക്കുന്നു വാളു അല്ലെങ്കിൽ കൊറാൻ എന്നപൊലെഎത്രപേരെ ഇവർഇങ്ങിനെ തട്ടിയിരിക്കാം പിന്നീടുനീവസാല്ലിന്റെ കാലമായി അദ്ദേഹം ശുദ്ധമെ സാധുവായിരുന്നു എങ്കിലുംഅണ്ണായികണ്ണനും തന്നാലായപൊലെ എന്നുപറഞ്ഞപോലെ ഞായറാഴ്ചകെട്ടിനു പോയവരോടു പ്രാശ്ചിത്തവും പെരുനാളിനുപോയതിനു ഇരട്ടിപിഴയും വാങ്ങിക്കയും മറ്റും ചെയ്തിട്ടില്ലെന്നില്ലാ. പിന്നീടു ഇടല്ലപെയിൻറർസാല്ലു കാഭരിച്ചു അദ്ദേഹത്തിനുവേറെ അനേകജോലികൾ ഉണ്ടായിരുന്നതിനാൽ ഹേഡമാസ്റ്ററുടെയും മറ്റുംകാലം തന്നെആയിരുന്നു അതുഅന്നത്തെ ഉപദ്രവം ഒന്നുംപറയാനില്ലാ. സുറിയാനികുട്ടികളെ സ്ഥിരീകരണത്തിനഅയക്കുന്നതിനു ചേർക്കുന്നതിനും അവർഎന്തുമാത്രം പ്രയാസപ്പെട്ടു. അതിനുപോകായ്കയാൽ അവിടെഉണ്ടു താമസിച്ചിരുന്ന ചിലകുട്ടികളെ ശിക്ഷിക്കയും വെളിക്കുതള്ളുകയും ചെയ്തു. അവരുംമാർഗ്ഗംവിറുതിന്നാതെ ഇപ്പൊഴുംഅവിടെയും മറ്റുംചിലെടത്തുംപഠിക്കുന്ന രണ്ടുമൂന്നുശെമ്മാശുമ്മാർഉണ്ടായിരുന്നവരെ ചാപ്പലിൽ വരുത്താൻ ചിലവാദ്ധ്യാന്മാർ എന്തുമാത്രം ഉത്സാഹിച്ചു. സുറിയാനിക്കാരെ മാത്രാഗുണപ്പെടുത്തിയാൽ മതി റോമ്മാക്കാരോടു ഒരുവഴക്കുമില്ലാ. ഇവർചെയ്തിരിക്കുന്ന ഉപദ്രവങ്ങൾഎല്ലാം പറഞ്ഞുകേൾപ്പിക്കാൻ ബഹുപ്രയാസം.

അല്ലയൊ സുറിയാനിക്കാരായ വായനക്കാരെ നിങ്ങൾക്കുഇതിൽവ്യസനംതോന്നുന്നില്ലയൊ നിങ്ങളുടെകുട്ടികളുടെ അടിമഒഴിപ്പാൻ എന്തെതാമസിക്കുന്നു മാർദീവന്നാസ്യോസു സിമ്മനാരിക്കു നിങ്ങൾ എന്താണ വെണ്ടു പണം കൊടുക്കാത്തതു നിങ്ങളുടെ സർവ്വസ്വവും കൊടുത്താലും നിങ്ങളുടെമക്കളുടെ നരകത്തെ ഒഴിക്കാമെങ്കിൽ എത്ര ആശ്വാസം വ്യവഹാരങ്ങൾക്കും മറ്റും ചിലവുചെയ്യാതെ ഇതിലെക്കു നിങ്ങൾ സഹായിപ്പിൻ ഒരം നമ്മുടെ പുത്തൻസിമ്മനാരിയെ ഉയർത്തുവാൻ താമസിക്കരുതെ ഇതിൽ നിങ്ങൾ സഹായിച്ചാൽ അതു എന്നന്നെക്കും നിലനില്ക്കുന്ന ഒരു ഓർമ്മസ്തംഭമായിനില്ക്കുമല്ലൊ. സുറിയാനിക്കാരായ ഇംഗ്ലീഷുപഠിച്ച മഹാജനങ്ങളുമെ നിങ്ങൾ ഇതിനോടു ദയവായി വിചാരിപ്പിൻ ഒരം നരകത്തിൽനിന്നു നമ്മുടെ കുട്ടികളെ വെർപെടുത്തി കാണ്മാൻ അത്യാശയൊടു ഞാൻ കാത്തിരിക്കുന്നു-

എന്നു സീ. എം. എസ്സ കോളെജിൽപഠിച്ചിട്ടുള്ള ഒരുസുറിയാനിയുവാവു.

പ്രിയപത്രാധിപരവർകളെ,

കഴിഞ്ഞ മേടമാസത്തിൽ തിരുവല്ലാ കൂടിയ നവീകരണ സംഘത്തിനു ഞാനും പോയിരുന്നു. അവിടെ ചെന്നപ്പോൾ ഞാൻ അറിയു

ന്ന ഭവരെ ഒരാളും അവിടെ ഉണ്ടായി ഞങ്ങൾ രണ്ടാളും കുറെമാറി അവിടെനിന്നു. അപ്പൊഴെക്കു അച്ചന്മാരുടെയും മറ്റും വരവുതുടങ്ങി ഇവരെ മിക്കവരെയും ഞാൻ അറിയായ്കയാൽ എന്റെ അടുക്കൽ നിന്ന ആളിനൊടു ഓരൊരുത്തരെ ചൊദിച്ചുമനസ്സിലാക്കി പട്ടക്കാരിൽ ചിലർ വെള്ളകുപ്പായത്തിനൊടു അഞ്ചും ആറും ഏഴും മുളം നീളമുള്ള തൂപ്പട്ടാവു ധരിച്ചിരുന്നു. ചിലർ പഴെകാടൻ ലേസും താക്കൊലും തൊളിൽ ഇട്ടിരുന്നു മറ്റു ചിലർ തുവാല പിടിച്ചിരുന്നു ആകപ്പാടെ കാഴ്ചവളരെ ഭംഗിയായിരുന്നു ഒടുവിൽ അസാമാന്യമായ ഉയരവും വണ്ണവും ഉള്ള ഒരാൾ കുപ്പായത്തിന്റെ പുറമെ ഒരു തൂപ്പട്ടാവു മേന്തി തല നല്ലവണ്ണം ചിരപ്പിച്ചു നവീകരണക്കാർക്കു പതിവുള്ള രൊമം നിറുത്താതെ ആക്കൂട്ടത്തിൽ വന്നിരുന്നു. ഈ വിശെഷ മനുഷ്യൻ ആരാണെന്നു എന്റെ അടുക്കൽ നിന്ന ആളിനൊടു ഞാൻ ചൊദിച്ചപ്പൊൾ പുതുപ്പള്ളിപള്ളിയിൽ നിന്നാണെന്നു എന്നൊടുപറഞ്ഞു ഇദ്ദെഹം സാധാരണ പട്ടം എന്നു പറയുന്ന രൊമം നിറുത്താത്തതെന്താണെന്നു ഞാൻ അയാളൊടു തന്നെ ചൊദിച്ചപ്പൊൾ പഞ്ചതന്ത്രത്തിൽ കാകകളുടെയും മൂങ്ങാകളുടെയും കഥപറയുന്നതിൽ ചിരഞ്ജീവിതലചിരച്ചുംകൊണ്ടു മൂങ്ങാകളുടെ അടുക്കൽപൊയി അവരെ ചതിച്ചതു വായിച്ചിട്ടില്ലയൊ എന്നും അതുപൊലെ ഇദ്ദെഹം ബാവാകക്ഷിയിൽനിന്നാരൊ അവിടെ പള്ളിക്കാർ തങ്ങളിൽ ഉള്ളവഴക്കിൽ രസമായിവിചാരിച്ചിരുന്ന ആ വഴക്കു തീൎന്നുപോയതിനാൽ വ്യസനിച്ചു ഇതിലെക്കു ഇപ്പൊൾ വന്നിട്ടുള്ളതാണെന്നും ഇനിയും എങ്ങൊട്ടാണെന്നു കണ്ടു അറിയാവു എന്നും മറുപടി കെട്ടു ഞാൻ ആശ്ചൎയ്യപ്പെട്ടുപോയി.

ഈ കമ്മിട്ടിയുടെ ഒരുദിവസം യൊഗം കഴിഞ്ഞിട്ടു വമ്പന്മാരായ ചിലപട്ടക്കാർ കൂടിയിരുന്നു താഴെ വരുന്നപ്രകാരം ഒരു സംഭാഷണം നടത്തി.

ഒരുത്തൻ. ചെറിയമഠം ഇങ്ങുപൊന്നു ഇനിയും മാവേലിക്കരെ ഒരു പീടികയിൽ അച്ചനങ്ങു അയാളെക്കൂടെ ഇങ്ങു തട്ടിവെക്കിൽ കൊള്ളായിരുന്നു. അയാൾക്കു ഇങ്ങു പോരികയില്ലയൊ. എന്താ മാവെലിക്കരെ അച്ചാഒന്നും പറയാത്തതു.

മാവേലിക്കര അച്ചൻ. ഒവ്വ ഒന്നുമല്ലാ. അദ്ദെഹം ഇപ്പൊൾ ഇങ്ങൊട്ടു ചെറിയമഠത്തിലച്ചനെപ്പൊലെ പോരുമൊ എന്നു എനിക്കു തോന്നുന്നില്ലാ.

ഒരു വമ്പൻ. എന്താ അദ്ദെഹം അത്രവിശ്വാസത്തിലാണൊ നില്പു.

മാവെലിക്കര. അതൊന്നും ഞാനറിഞ്ഞില്ലാ ഇപ്പൊൾ അദ്ദെഹത്തിനെ കിട്ടുകയില്ലന്നെഉള്ളു. എന്നാൽ പോകട്ടെ വെറെ ഇനിയും യോഗ്യന്മാരായി അതിൽ ഉണ്ടെന്നു തൊന്നുന്നില്ലാ പ്രിയപത്രാധിപരെ മനുഷ്യരെ സൃഷ്ടിച്ചപ്പൊൾ പിശാചുക്കളുടെ ആലൊചന ഇതുതന്നെ അല്ലായിരുന്നൊ ഇനിയും ഇതിൽനടന്ന സംഗതികളെപ്പറ്റി ഞാൻ പിന്നാലെ പറയാം. താരകാധിപനും മറ്റും ഈ ആലൊചനക്കാരെ നിൎജ്ജീകരിക്കാൻ പുറപ്പെടട്ടെ. എന്നു ഒരു തിരുവല്ലാക്കാരൻ.

നവീകരണവും ദാവീദും.

നവീകരണതലവന്മാരെ ദാവീദാക്കി കല്പിക്കുവാൻ ആ കൂട്ടക്കുള്ള പരിശ്രമം ഒട്ടും കുറവല്ല. മുമ്പൊരിക്കൽ ഒരു നവീകരണപ്രസംഗി അയുക്തവും ചേർച്ചയില്ലാത്തതുമായ ചരിത്രങ്ങൾകൊണ്ടു തന്നത്താൻ ദാവീദായി ചമഞ്ഞതിനു ഇടവകപത്രിക യുക്തിപൂർവ്വം ആക്ഷേപം പറഞ്ഞിട്ടുണ്ടായിരുന്നു. അതിനു സമാധാനം ഒന്നും പറയാതെ ൮-൧, ലക്കം താരകയിൽ നവീകരണതലവനെ ദാവീദിനോടു തുല്യപ്പെടുത്തുവാൻ ഒരുവലിയശ്രമം ചെയ്തിരിക്കുന്നു. ദാവീദും നവീകരണവും തമ്മിൽ ചേർച്ചയുണ്ടാക്കുവാൻ ചെയ്യുന്ന ശ്രമങ്ങൾ അയുക്തമാണെന്നു മുമ്പിൽഞങ്ങൾ കാണിച്ചിട്ടുള്ളതുകൊണ്ടു ഇപ്പോൾ അത്രവിസ്തരിക്കുന്നില്ലാ.

താരകയുടെ അഭിപ്രായം പകലൊമറ്റം തറവാട്ടിന്റെ ഭരണം ഇസ്രായെലിലെ ന്യായാധിപതിമാരുടെ ഭരണത്തോടും പിന്നീടുണ്ടായ മൂന്നു ദിവന്നാസ്യോസ മെത്രാന്മാരുടെ ഭരണം ശാവൂലിന്റെ ഭരണത്തോടും കഴിഞ്ഞുപൊയ മാർ അത്താനാസ്യോസിനെ ദാവീദിനൊടും ഉപമിക്കാമെന്നാകുന്നു. ഒടുവിൽ പെർപറഞ്ഞ ആളിനെ ദാവീദാക്കുവാൻ ആദ്ദെഹത്തിന്റെ ചില വീര്യപരാക്രമങ്ങളെയും താരകവൎണ്ണിച്ചിരിക്കുന്നു.

ഈ താരതമ്യത്തിന്റെ ചേർച്ച വ്യവസ്ഥപ്പെടുത്തുവാൻ ന്യായാധിപതിമാരും രാജാക്കന്മാരും തമ്മിലുണ്ടായിരുന്ന ഭേദം നിജപ്പെടുത്തണം. ന്യായംനടത്തുക യുദ്ധംചെയ്ക, ശത്രുകളിൽനിന്നു ഇസ്രായെലിനെ രക്ഷിക്ക ഈ ജൊലികൾ ന്യായാധിപതിമാരും രാജാക്കന്മാരും ചെയ്തിട്ടുണ്ടു പിന്നെ ഇവർതമ്മിൽ സാക്ഷാൽ ഉള്ള അന്തരം എന്തെന്നുവെച്ചാൽ (൧) രാജാക്കന്മാൎക്കു ആ അവകാശം കുഡുംബത്തിൽ ശാശ്വതമായിരുന്നു (൨) അവർ അഭിഷേകംചെയ്യപ്പെട്ടിരുന്നു. ഇവയായിരുന്നു ന്യായാധിപതിമാൎക്കു ഈ രണ്ടുകൂട്ടവും ഇല്ലായിരുന്നു.

ഇതിൽ കുഡുംബാവകാശം മാത്രം ചിന്തിക്കുമ്പോൾ പകലൊമറ്റം തറവാട്ടുകാരെ ന്യായാധിപതിമാരുടെ സ്ഥാനത്തു താരക സ്ഥാപിച്ചതു യുക്തിയുക്തമായി വരുന്നില്ല. എങ്കിലും ആ കാൎയ്യത്തിൽ ഞങ്ങൾ വിസമ്മതിക്കുന്നില്ല. താരകയുടെ അഭിപ്രായപ്രകാരം അവരെ ന്യായാധിപത്യ ഭരണത്തോടു തുല്യമായിതന്നെ ഞങ്ങളുംവെച്ചുകൊള്ളാം, അവരുടെശേഷം ഉണ്ടായ പുലിക്കൊട്ടു പുന്നത്ര ചെപ്പാട്ടു ഈ ദിവന്നാസ്യോസ മെത്രാന്മാരെ ശാവൂലിനൊടു തുല്യപ്പെടുത്തിയതിൽ ഞങ്ങൾ ചേരുന്നില്ല എന്തെന്നാൽ കഴിഞ്ഞുപൊയ മാർ അത്താനാസ്യോസു ശ്ലീഹായ്ക്കടുത്ത കൈവെപ്പു മലങ്കരക്കു അധീനമാക്കി" എന്നു താരക സമ്മതിക്കുന്നതിനാൽ ശരിയായ കൈവെപ്പു അല്ലെങ്കിൽ അഭിഷേകം അദ്ദേഹത്തിനു മുമ്പിരുന്ന, മൂന്നുമെത്രാന്മാൎക്കു ഇല്ലായിരുന്നു എന്നും അഭിഷേകം ചെയ്യപ്പെട്ട ആദ്യത്തെ മെത്രാൻ മാർ അത്താനാസ്യോസ ആയിരുന്നുഎന്നും താരകസമ്മതിക്കുന്നതായിവരുന്നു. അഭിഷേകം ചെയ്യപ്പെടാതെ ഇസ്രായെലിൽ രാജാക്കന്മാർ ഉണ്ടായിട്ടില്ലാത്തതിനാൽ അഭിഷേകതൈലത്തിന്റെ വരപ്രസാദത്തിൽനിന്നു അന്യന്മാരായിരുന്നവരെന്നു താരക സ

മതിക്കുന്ന മെല്പറഞ്ഞ മൂന്നു മെത്രാന്മാരെയും ന്യായാധിപതിമാരുടെ കൂട്ടത്തിൽ എണ്ണേണ്ടിയിരിക്കുന്നു. അപ്പോൾ കഴിഞ്ഞുപോയ മാർ അത്താനാസ്യോസിനെ ശാവൂലിനോടു തുല്യപ്പെടുത്തുന്നതു ചരിത്രച്ചേർച്ചയായിരിക്കും.

ഇംഗ്ലീഷ മിഷ്യനിമാരെ താൻ ശമുവെലിനോടു സാദൃശ്യപ്പെടുത്തിയിരിക്കുന്ന അഭിപ്രായത്തിലും ഞങ്ങൾ യോജിക്കുന്നില്ലാ, ശമുവെൽ ശാവൂലിന്റെ കേവലം ആലോചനക്കാരൻ എന്നുമാത്രമല്ലാ, ശാവൂലിനെ അഭിഷേകം ചെയ്ത ആളുംകൂടെ ആയിരുന്നു. മെല്പറഞ്ഞ മൂന്നു ദിവന്നാസ്യോസമെത്രാന്മാരെ അഭിഷേകം ചെയ്ത സംഗതിയിൽ മിഷ്യനിമാർക്കു സംബന്ധമില്ലാത്തതു.

പൊന്തിസുകാർ ഇംഗ്ലീഷുകാർ മുതലായവരെ ഇസ്രായെലിനെ ഞെരുക്കിയ കനാന്യക്കാർ മിദിയാൻകാർ ഫെലിസ്ത്യാകാർ മുതലായവരോടും ഉപമിക്കുന്ന ദിവന്നാസ്യോസുമുതലുള്ള മൂന്നുമെത്രാന്മാർ ഇംഗ്ലീഷുകാരോടു കാണിച്ച വഞ്ചന ശംശോൻ ഫെലിസ്ത്യാകാരിൽനിന്നു ഭാര്യയെ ഗ്രഹിച്ചു അവരെ അമർച്ചചെയ്യാൻ ഹേതുവുണ്ടാക്കേണ്ടതിനു കാണിച്ച സാമാധാന വിവരത്തോടും തുല്യപ്പെടുത്തുമ്പോൾ, ഈ മൂന്നുമെത്രാന്മാരെയും ന്യായാധിപതിമാരുടെ കൂട്ടത്തിൽ ചേർക്കുവാൻ അധികം അവകാശമുണ്ടാകും. അപ്പോൾ തീർച്ചയായിട്ടു മാർ അത്താനാസ്യോസിനെയും അദ്ദേഹത്താൽ പ്രതിബിംബിക്കപ്പെട്ട നവീകരണത്തെയും ശാവൂലിനോടല്ലാതെ തുല്യപ്പെടുത്തുവാൻ മാർഗ്ഗമില്ലാതെവരുന്നു.

ശാവൂൽ, തന്നെ രാജാവായി അഭിഷേകം ചെയ്ത ശമുവെലിന്റെ ആലോചനയെ നിഷേധിച്ചതുപോലെ, മാർ അത്താനാസ്യോസ തന്നെ അഭിഷേകം ചെയ്ത പാത്രിയർക്കീസിന്റെ ആലോചനയെ നിഷേധിച്ചുകളഞ്ഞു. ഈ ചരിത്രങ്ങളെയും സംഭവങ്ങളെയും താരതമ്യപ്പെടുത്തുമ്പോൾ, സുറിയാനിസഭയെ ഇസ്രായെലിനോടു തുല്യപ്പെടുത്തുന്നപക്ഷം കഴിഞ്ഞുപോയ മാർ അത്താനാസ്യോസിനെ ശാവൂൽരാജാവാക്കി കല്പിക്കാതിരിപ്പാൻ നിദ്രാക്ഷീണ്ണ വായനക്കാർക്കുപോലും പാടില്ലാതെയിരിക്കുന്നു. ഇതിനെക്കുറിച്ചു പത്രികയിൽ മുൻ ഒരു സന്ദർഭത്തിൽ പ്രസിദ്ധംചെയ്തിരുന്ന പ്രസംഗം വായിച്ചാൽ ശാവൂലിന്റെ വീഴ്ച, ഇശ്ബോശെത്തിന്റെ ഭരണം, അവന്റെ മരണം, ദാവീദിന്റെ ജയം, ഈവകകൾ എല്ലാം ചരിത്രരേഖകളോടു സമീപിക്കുമ്പോൾ ദാവീദെന്നു ആരെയെങ്കിലും കല്പിക്കുവാൻ അവകാശമുണ്ടെങ്കിൽ അതു ഇപ്പോഴത്തെ മാർ ദിവന്നാസ്യോസ മെത്രാപ്പോലീത്താ അവർകൾക്കല്ലാതെ നവീകരണസംഘത്തിനൊ അതിന്റെ മേധാവികൾക്കൊ ഉണ്ടാകയില്ലെന്നു പ്രഥമദൃഷ്ടിയിൽ ബോധപ്പെടുന്നതാകുന്നു. ഇതിൽ ചരിത്രസാമ്യംമാത്രമല്ല, ചില സംഗതികളിൽ കാലതുല്യത കൂടെ ഉണ്ടെന്നു മുമ്പിൽ ഞങ്ങൾ കാണിച്ചിട്ടുണ്ടായിരുന്നു.

ഈ ബലമായ ന്യായങ്ങളെ എല്ലാം നിഷേധിച്ചു നവീകരണത്തെ ദാവീദിനോടു തുല്യപ്പെടുത്താമെന്നു പിന്നെയും താരകസിദ്ധാന്തിക്കുന്നപക്ഷം അവരുടെ യുക്തികളെതന്നെ അടിസ്ഥാനപ്പെടുത്തി ദാവീദിന്റെ സ്ഥാനം അപഹരിക്കുവാൻ അഞ്ചാറുകാർക്കു ചില അവകാശം ഉണ്ടായെ

കാം. സ്ഥലവിസ്താരംഭയന്ന ആഭാഗങ്ങളെപ്പറ്റി പ്രസ്താവിക്കുന്നില്ല.

അനന്തരം നവീകരണത്തെ ദാവീദാക്കുവാൻ ചെയ്യശ്രമത്തിൽ ദാവീദിന്റെ പരാക്രമങ്ങൾക്കു തുല്യമായി മാർ അത്താനാസ്യോസിന്റെ പതിനേഴ വീര്യപരാക്രമങ്ങളെ താരക വൎണ്ണിച്ചിട്ടുണ്ടു. അവയെല്ലാം നവീകരണദുരുപദേശങ്ങളെ സ്ഥാപിക്കുവാൻ ചെയ്യ ശ്രമങ്ങൾമാത്രമാകുന്നു. ഇസ്രായേലിൽ എപ്പൊദിനെ ധരിച്ച അറുപത്തഞ്ചു ആചാൎയ്യന്മാരെ ഒരെസമയത്തു നശിപ്പിക്കുവാൻ ശൌൽ പ്രദൎശിപ്പിച്ച വീൎയ്യപരാക്രമം പോലെ അല്ലാതെ സുറിയാനിസഭയെ നശിപ്പിക്കുവാൻ മാർ അത്താനാസ്യോസ ചെയ്യതായി താരക ഘോഷിക്കുന്ന പരാക്രമങ്ങൾക്കു വിശേഷം ഒന്നുമില്ല. ആ പരാക്രമങ്ങളും അദ്ദേഹത്തെ ശൌലിനൊടു തുല്യപ്പെടുത്തുന്നതിൽ യോജിക്കുന്നവയെ ഉള്ളു. കഴിഞ്ഞുപോയ മാർ അത്താനാസ്യോസിന്റെ വെറെയും ചില പരാക്രമങ്ങളെ താരക വൎണ്ണിക്കാതെ വിട്ടുകളഞ്ഞിട്ടുണ്ടു അവയുംകൂടെ എടുത്തുകൂട്ടി നോക്കുമ്പോൾ താരക ഘോഷിക്കുന്ന വീരസ്യങ്ങൾ ഒന്നും ദാവീദിനോടു സാമ്യപ്പെടുത്തതക്കവയല്ലെന്നു വായനക്കാൎക്കു ബോധപ്പെടാവുന്നതാകയാൽ ചിലത താഴെ കുറിക്കുന്നു:

൧. "ചേപ്പാട്ടു മാർ ദിവന്നാസ്യോസ്സ് അപ്പീലാക്കുക" അല്ല, സുറിയാനിക്കാൎക്കു ന്യായമായി കിട്ടുവാനുള്ള മുതലിൽ ഒരു വലിയ അംശം പഞ്ചായക്കാർ അന്യന്മാൎക്കു ആധീനപ്പെടുത്തി കൊടുത്തതിനാൽ അതിനു പരിഹാരം ഉണ്ടാക്കുവാൻവേണ്ടി ആ ദേഹം മദ്രാസ കല്ക്കത്താ മുതലായ ഗവൎമ്മെണ്ടിൽ അപ്പീൽ ബോധിപ്പിച്ചിരുന്നതിനാൽ തീൎച്ചക്കുവേണ്ടി വാങ്ങി കാത്തിരുന്ന സഭാസ്വങ്ങളെ മാർ അത്താനാസ്യോസ ഉപേക്ഷിച്ചു കിട്ടിയതു മിടുക്കായി വിചാരിച്ചു കഴിഞ്ഞ ഒരു പത്രികയിൽ രേഖാമൂലം കാണിച്ചിരുന്നതുപോലെ ദുൎവ്യയം ചെയ്തു.

൨ സുറിയാനിസഭയിൽ ഒരു അച്ചടി ഉണ്ടാക്കിയിട്ടു അച്ചടിക്കാൻ സുറിയാനിക്കാൎക്കു പുസ്തകങ്ങൾ ഒന്നും ഇല്ലാത്തതുപോലെ പഞ്ചതന്ത്രം ചാണക്യസൂത്രം രാമായണം മുതലായതു അച്ചടിപ്പിച്ചു.

൩. യോഗ്യനായ ഒരു എഴുത്തുകാരൻ എഴുതുന്ന ചിത്രം കുരുടൻ നന്നാക്കുന്നതുപോലെ പള്ളിക്രമപുസ്തകങ്ങളെ അശുദ്ധമാക്കി.

൪. കുൎബ്ബാനക്കു പട്ടക്കാൎക്കു പണം കൊടുക്കരുതെന്നു വിരോധിച്ചു രൊക്കം പണമൊ പൊൻപണയമൊ കൂടാതെ പട്ടം കൊടുക്കയില്ലെന്നു തീൎച്ചപ്പെടുത്തി.

൫. പള്ളികളുടെ ഭണ്ഡാരങ്ങൾക്കു പള്ളിക്കാരുടെ സമ്മതംകൂടാതെ കൊടാലി പ്രയോഗിച്ചു നിക്ഷേപം മുഴുവൻ അപഹരിച്ചുകൊണ്ടു പോകുവാൻ മെത്രാന്മാൎക്കു അധികാരമുണ്ടെന്നു പഠിപ്പിച്ചു.

൬. പള്ളികളിൽ പെരുനാൾ ആഘോഷിക്കുന്നതിനെ വിരോധിച്ചു, കൊട്ടുവാദ്യം, ആട്ടം പരിചമുട്ടുകളി ഈവക ഘോഷങ്ങളോടുകൂടെ സിമ്മനാരിയിൽ പെരുനാൾ കഴിപ്പിച്ചു. ശൌൽ ക്ഷുദ്രക്കാരെ നാട്ടുകടത്തിയെച്ചു ഒടുവിൽ ഒരുത്തിയെ തേടികണ്ടു ആലോചിച്ചതുപോലെതന്നെ.

൭. വടക്കുള്ളപള്ളികളിൽ ചെല്ലുമ്പോൾ സ്ലീബാമുമ്പാകെ സാഷ്ടാം

ഗം വീഴുകയും നന്മനിറഞ്ഞമറിയം ഉറച്ചുചൊല്ലുകയും നോമ്പിൽ ഉച്ച നില്ക്കുകയും തെക്കൻപള്ളികളിൽ ചെല്ലുമ്പോൾ പ്രവചിപ്പാധികയും അമ്പതുനോമ്പിൽ ഗോമാംസം ഭക്ഷിക്കാൻമടിക്കുന്ന പട്ടക്കാരെ മുടക്കുകയും ചെയ്തു.

൮. പട്ടക്കാർക്കു പുനർവിവാഹം പാടില്ലന്നു കൊച്ചിയിൽ ദിവാൻ ശങ്കുണ്ണിമെനോൻ അവർകൾക്കു എഴുതിഅയക്കുകയും പട്ടക്കാരെ പുനർവിവാഹം ചെയ്യിക്കയും ചെയ്തു.

൯. മൂപ്പന്മാരുടെ താടി തമ്മിൽ കൂട്ടിക്കെട്ടി മുളവടികൊണ്ടു നടുവിൽ അടിച്ചു നവീകരണം നടപ്പാക്കി.

൰. പുതുപ്പള്ളിലെ ഗീവറുഗീസ സഹദായെക്കൊണ്ടു മണർകാട്ടെ കന്യാസ്ത്രീഅമ്മയെ വിവാഹംചെയ്യിക്കാൻ പൊകുന്നുഎന്നുപ്രസംഗിച്ചു

൰൧. മെല്പട്ടസ്ഥാനം സ്വികരിച്ചസമയം വെദപുസ്തകവും സ്ലീബായും ശുദ്ധകുർബ്ബാനയും സാക്ഷിച്ചു അന്ത്യോഖ്യാമേലധികാരവും സുറിയാനിവിശ്വാസവും അനുസരിക്കാത്ത കാലത്തു ശപിക്കപ്പെട്ടവനും സ്ഥാനത്തിൽനിന്നു ഒഴിയപ്പെട്ടവനും വഞ്ചകനായ ബെലയാറിന്റെ ചങ്ങാതിയും ആയിക്കൊള്ളാമെന്നു സമ്മതിച്ചു സത്യം ചെയ്യുച്ചു ആ സത്യത്തെ ലംഘിച്ചു ശാവൂലിനെ ബാധിച്ച ദുരാത്മാവിനെ അംഗീകരിച്ചു.

ഇതുപോലെ മാർഅത്താനാസ്യോസിന്റെ വീര്യപരാക്രമങ്ങളെ അനേകം വർണ്ണിക്കുവാൻ തരക വിട്ടുപൊയിട്ടുണ്ടു ഇവകെയും ദാവീദിന്റെ പരാക്രമങ്ങളോടൊ ശാവൂലിന്റെ പരാക്രമങ്ങളൊടു യോജിക്കുന്നതു? അതിനാൽനവീകരണത്തെ ദാവീദല്ലാശാവൂലാക്കുവാനെപാടുള്ളു.

നവീകരണം

സുറിയാനിസഭയിലെ നടപടികളെയും വിശ്വാസോപദേശങ്ങളെയും ഭേദപ്പെടുത്തണമെന്നുള്ള അഭിപ്രായത്തോടുകൂടി ഒരുസംഘം ഉണ്ടായിട്ടുള്ള വിവരം എല്ലാവർക്കും അറിവുണ്ടല്ലൊ. ഇവർതന്നത്താൻ നവീകരണക്കാർ എന്നാണ പേർവിളിച്ചു കൊള്ളുന്നു. ഇതിന്റെ മാതാവു കഴിഞ്ഞുപോയ പാലക്കുന്നത്തു അബ്രാഹംമല്പാനും വലത്തമ്മ കഴിഞ്ഞുപോയ മാർ അത്താനാസ്യോസ മെത്രാപ്പോലീത്തായും ഇപ്പോഴത്തെ നവീകരണത്തലവനും ആണത്രെ-

എന്നാൽ ഒരുസഭയിൽ പ്രാചീനകാലംമുതൽ അംഗീകരിക്കപ്പെട്ടു നടത്തിവരുന്ന വിശ്വാസോപദേശങ്ങളെയൊ നടപടികളെയൊ ഭേദപ്പെടുത്തേണ്ടതായൊ നവീനമായ വല്ലതും ചേർക്കേണ്ടതായൊ കണ്ടാൽ അതിനെ പ്രവൃത്തിക്കേണ്ടതു ആർ, എങ്ങിനെ, എന്നു എല്ലാവരും അറിഞ്ഞിരിക്കേണ്ടതാകുന്നു.

അപ്പോസ്തോലകാലത്തു യെഹൂദന്യായപ്രമാണം ക്രിസ്ത്യാനിസഭയെ ബന്ധിക്കുമെന്നു അന്നത്തെചിലഅബ്രാഹംമല്പാന്മാർ അഭിപ്രായപ്പെടുകയും ഉപദേശിക്കയുംചെയ്തു. അപ്പോൾ അപ്പോസ്തോലന്മാരും മൂപ്പന്മാരും ചേർന്നഒരു സുന്നഹദോസ യെറുശലേമിൽകൂടി തീരുമാനിച്ചതു വരെ ഈപുതിയ ഏർപ്പാടുസഭയിൽ നടപ്പാക്കുവാനൊ ആരെങ്കിലും അം

ഗീകരിക്കുവാനൊ സമ്മതിച്ചില്ല. സൂനഹദൊസു കൂടിയതിൽ യെരുശലെം ന്യായപ്രമാണം സഭയെ ബന്ധിക്കയില്ലെന്നു എങ്കിലും അവയിൽ ചില നടപടികൾ കൈക്കൊള്ളപ്പെടണമെന്നും തീരുമാനിച്ചു ആ തീരുമാനം സൂനഹദോസിന്റെ നിശ്ചയമെന്നല്ല പരിശുദ്ധാത്മാവിന്റെ ഇഷ്ടം എന്നു വിളിക്കപ്പെടുകയും ചെയ്തു. (നടപ്പ ൧൫- ൨൮)

അപ്പോസ്തൊലകാലശേഷം അറിയൊസ നെസ്തൊർ മുതലായ ചില അബ്രാഹാം മല്പാന്മാർ ഓരോ പുതിയ ഉപദേശങ്ങൾ സഭയിൽ നടപ്പാക്കുവാൻ ശ്രമിച്ചു അപ്പോഴും സൂനഹദോസകൂടി തീരുമാനിച്ചതുപൊലെ അല്ലാതെ യഥെഷ്ടം സഭയിൽ ഓരോ ഉപദേശങ്ങളെ നടപ്പാക്കുവാൻ ആരും അനുവദിച്ചില്ലാ.

ഇതെല്ലാം ഇരിക്കട്ടെ. വലിയ നവീകരണക്കാരായ ഇംഗ്ലീഷുകാരുടെ ആരംഭംകൂടെ നൊക്കുക. ഇംഗ്ലാന്തിൽ ഓരോകാലത്തു ഓരോ നവീകരണക്കാർ ഉണ്ടായിരുന്നു. എങ്കിലും അവരുടെ അഭിപ്രായങ്ങളെയും ഉപദേശങ്ങളെയും യഥെഷ്ടം അംഗീകരിക്കപ്പെട്ടില്ല. ആർച്ചുബിഷോപ്പും ബിഷോപ്പന്മാരും ലൌകികപണ്ഡിതന്മാരും രാജാവും ഉൾപ്പെട്ട പാർലിയാമെണ്ടിനാൽ അംഗീകരിക്കപ്പെടുന്നതുവരെ അംഗ്ലിയാ ഉപദേശങ്ങളും പള്ളിക്രമങ്ങളും സഭാഉപദേശങ്ങളും നടപടികളുമായി സ്വീകരിക്കപ്പെട്ടിരുന്നില്ല. പൊതുവിലുള്ള അധികാരത്താൽ വിധിക്കപ്പെട്ടവയും സമ്മതിക്കപ്പെട്ടവയുമായ സഭാമര്യാദകളെയും കർമ്മങ്ങളെയും ആരെങ്കിലും സ്വമേധ പരസ്യമായി ലംഘിച്ചാൽ അവൻ പരസ്യമായി ശാസിക്കപ്പെടണമെന്ന അവരുടെ ൩൪-ാം മതസംഗതിയിൽ ആജ്ഞാപിച്ചിരിക്കമാത്രമല്ല "മനുഷ്യാധികാരത്താൽമാത്രം സഭയിൽ വിധിക്കപ്പെടുന്നകാര്യങ്ങളെയൊ ക്രിയകളെയൊ വ്യത്യാസപ്പെടുത്തുവാനും തള്ളിക്കളവാനും "ആവശ്യപ്പെട്ടാൽ ആ അധികാരം സഭയ്ക്കാകുന്നു എന്നും അവർ തീർച്ചപ്പെടുത്തിയിരിക്കുന്നു. (ടി-മതസംഗതി) കേവലം ലൌകികകാര്യങ്ങളെയും ക്രിയകളെയുംമാത്രം മാററുവാൻ സഭാസമ്മതം വേണ്ടിയിരുന്നാൽ വിശ്വാസസംഗതിയിൽ മാററം വരുത്തുവാനും കുർബ്ബാനതക്സാ തിരുത്തുവാനും അബ്രാഹം മല്പാൻ തനിച്ചു അധികാരം ഉണ്ടെന്നു അംഗ്ലിയാക്കാർക്കും ഗുണദോഷിപ്പാൻ പാടില്ല.

മററുള്ള മതങ്ങളിലും ഓരോരുത്തരുടെ ഇഷ്ടം പ്രവൃത്തിപ്പാൻ അനുവദിച്ചിട്ടില്ല. ആസ്ഥിതിക്ക ഉപദേശസംബന്ധമായും നടപടിസംബന്ധമായും ഒരുവലിയ മാററം ചെയ്യാനും തക്സാ തിരുത്തുവാനും അബ്രാഹം മല്പാനൊ മാർ അത്താനാസ്യോസിനൊ തനിച്ചു സ്വാതന്ത്ര്യം ഉണ്ടായതു എങ്ങിനെ? അപ്പോസ്തൊലന്മാർക്കാകട്ടെ ആദ്യസഭാപിതാക്കന്മാർക്കാകട്ടെ ലോകത്തിൽ എവിടെയും ആർക്കുമാകട്ടെ ലഭിച്ചിട്ടില്ലാത്ത ഈ വലിയ അധികാരം മേല്പറഞ്ഞ ഒന്നു രണ്ടുപേർക്കുമാത്രം സ്വർഗ്ഗത്തിൽനിന്നു നേരിട്ടുകൊടുക്കാതെ ഉണ്ടാകുവാൻ പാടില്ല.

ഇനിയും ഇങ്ങനെ യഥെഷ്ടം വ്യത്യാസം വരുത്തുന്നവരുടെമേൽ സഭയുടെ വിധി എന്തെന്നകൂടെ കേൾപ്പിൻ. "സഭയെ കേൾക്കാത്തവൻ ചുങ്കക്കാരനും കാഫ്രനും ആയിരിക്കട്ടെ. മത്തായി ൧൮- ൧൭- നിങ്ങൾ പ

ിച്ചിട്ടുള്ള ഉപദേശത്തിനു വിപരീതമായി തൎക്കങ്ങളും ഭിന്നതകളും ഉണ്ടാക്കുന്നവരെ സൂക്ഷിച്ചുകൊൾവിൻ. അവരെ ഒഴിച്ചുകളവിൻ, (റോമ ൧൬- ൧൭-) ക്രമക്കേടായും നിങ്ങൾ ഞങ്ങളിൽനിന്നു കൈക്കൊണ്ട പാരമ്പൎയ്യത്തിനു വിപരീതമായും നടക്കുന്ന എല്ലാസഹോദരനിൽനിന്നും നിങ്ങളെതന്നെ നിങ്ങൾ ഒഴിച്ചുകൊൾവിൻ, (൨ തെസ- ൩. ൬-) അങ്ങിനെയുള്ളവരോടുകൂടെ സംബന്ധിക്കപോലും അരുതു (൨ യോ- ൧൦) ഭക്ഷിക്കപോലും അരുത (൧ കൊറ- ൫- ൧൧-) വേദകല്പന ഇപ്രകാരമാകുന്നു- ഇതിനെ അനുസരിച്ചുതന്നെ കാനോൻവിധിയും ഉണ്ടു.

നവീകരണക്കാരുടെ ഉറമെന്ത്രികളെന്നു വിചാരിക്കപ്പെടുന്ന അംഗ്ലിയാസഭയുടെവിധിയും ഈ കൂട്ടരെ സഭയിൽനിന്നു മുടക്കണമെന്നാകുന്നു- (൨൬-ം ൩൩-ം മതസംഗതികൾ)

ഇനി നമ്മുടെ നവീകരണക്കാരുടെ ഉത്ഭവവും അതിനെ നടപ്പാക്കുന്ന സമ്പ്രദായവുംകൂടെ ഒന്നാലോചിക്കാം- അതിന്റെ ഉത്ഭവം അബ്രാഹാംമല്പാനിൽനിന്നായിരുന്നു- ആമെൻസ്യൻ സുറിയാനിസഭകൊണ്ടുഉപജീവിച്ചുവന്നകാലത്തു ഈ സഭയിൽ കുറ്റംഒന്നുംകണ്ടുപിടിച്ചില്ല- ആവരുമാനത്തിൽനിന്നു അധികമായി ശമ്പളക്രമേണ നിജമായ ഒരു പ്രതിഫലം മിഷ്യനറിമാർ വാഗ്ദത്തം ചെയ്തപ്പോൾമാത്രമെ കുറ്റം കണ്ടൊള്ളു- അപ്പൊസ്തോലനടപടിയും അടുത്ത പിൻകാലപിതാക്കന്മാരുടെ നടപടിയും ലോകത്തിൽ ഏതുസഭയിലും അനുഷ്ഠിച്ചിരിക്കുന്ന നടപടിയും അനുസരിച്ചു സഭാതലവന്മാരും സഭയും ഉൾപ്പെട്ട ഒരു സുന്നഹദോസിനാൽ അംഗീകരിക്കപ്പെടുവാൻ അവർ ശ്രമിച്ചില്ലെന്നു മാത്രമല്ല. ന്യായമായ ക്രമംവഴിയെ പിന്തുടരാതെ സഭയിൽ കലഹം ഉണ്ടാക്കുകയും ചെയ്തു.

“വൃക്ഷം അതിന്റെ ഫലത്താൽ അറിയപ്പെടുന്നു” എന്നും “നിങ്ങൾ ലോകത്തിന്റെ ഉപ്പാകുന്നു” എന്നും വേദോക്തി ഉണ്ടല്ലൊ. നല്ലഉദ്ദേശ്യങ്ങളെതന്നെ സാധിപ്പാൻപോലും വ്യാജം പ്രയോഗിപ്പാൻ വേദം അനുവദിച്ചിട്ടില്ല. എങ്കിലും നവീകരണം വെളിപ്പെടുത്തുവാൻ വ്യാജം സംസാരിക്കയും കള്ളസത്യം ചെയ്കയും ചെയ്യാമെന്നുള്ളടത്തോളം പ്രവൃത്തിയാൽ പഠിപ്പിക്കുന്നു. കഴിഞ്ഞുപോയ മാർ അത്താനാസ്യോസിനു സ്ഥാനംകൊടുത്തതു അന്ത്യോഖ്യാ പാത്രിയൎക്കീസല്ലെന്നു തീൎത്തു സത്യം ചെയ്വാൻ നവീകരണതലവനും സഹായികളും സംശയിച്ചിട്ടില്ല. ഏതു അപ്പോസ്തോലൻ അല്ലെങ്കിൽ ഏതുസഭാപിതാവു വ്യാജംകൊണ്ടു ഉപദേശംനടപ്പാക്കിയിട്ടുണ്ടു “വൃക്ഷം ഫലത്താൽ അറിയപ്പെടാവുന്നു” പക്ഷം ഈ ഫലങ്ങളെക്കുറിച്ചു ചിന്തിക്കുമ്പോൾ അതുകായിച്ച വൃക്ഷത്തെക്കുറിച്ചു എന്തുപറയണം. സഭയിൽ വല്ലഭേദവും ചെയ്യണമെങ്കിൽ സഭാതലവനും ബിഷോപ്പന്മാരും ചേൎന്ന ഒരു സുന്നഹദോസുകൂടാതെ ഒരുകത്തനാൎക്കു പാടുള്ളതല്ലാ. അതിനാൽ ദുഷ്പ്രാഗ്രഹം ഗൎഭംധരിച്ചു കല്പനലംഘനം പ്രസവിച്ചു കള്ളസത്യത്താൽ പുലൎത്തപ്പെട്ടു നവീകരണം ഉണ്ടായിരിക്കുന്നു എന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

ലോമെദ്

കൈവെപ്പ്.

൫.൧-ലക്കം സഭാതാരകയിൽ കഴിഞ്ഞുപോയ മാർഅത്താനാസ്യോസ മെത്രാപ്പോലിത്താ അവർകളുടെ ചില വിശ്വപരാക്രമങ്ങളെ വർണ്ണിച്ചിരിക്കുന്ന കൂട്ടത്തിൽ ആയദ്ദേഹം ശ്ലീഹാക്കടുത്ത കൈവെപ്പ് മലങ്കരയ്ക്കു അധീനമാക്കി എന്നു എഴുതിയിരിക്കുന്നു ഇതിന്റെ താല്പര്യം അദ്ദേഹത്തിന്റെ വരവിനു മുമ്പു ശ്ലീഹാക്കടുത്ത കൈവെപ്പ് മലങ്കര അന്യാധീനമായിരുന്നു എന്നാണല്ലൊ. ആകയാൽ കഴിഞ്ഞുപോയ മാർഅത്താനാസ്യോസ സഭാഭരണത്തിനു പ്രവേശിച്ചകാലത്തും അതിനു അടുത്തു മുമ്പും ഇരുന്നിരുന്ന മെത്രാന്മാർ ശ്ലീഹാക്കടുത്ത കൈവെപ്പിനു പൂർണ്ണന്മാർ അല്ലായിരുന്നു എന്നു താരക സ്പഷ്ടമായി സമ്മതിക്കുന്നു.

താരകയുടെ ഈ അഭിപ്രായത്തിനു ഞങ്ങൾ നിസ്സംശയം ചേരുന്നു. ആ മെത്രാന്മാർ പൂർണ്ണമായ കൈവെപ്പിനെ അനുഗ്രഹിച്ചിരുന്നു എങ്കിലും പ്രാപിപ്പാൻ തരം ഇല്ലാത്തതിനാൽ തിട്ടതിക്കുവേണ്ടി സഭ ഭരിച്ചവർ മാത്രമായിരുന്നു.

എന്നാൽ ഈ സമ്മതം കൊടുത്തിരിക്കുന്ന പ്രസംഗത്തിന്റെ വേറൊരുഭാഗത്തു നവീകരണത്തിൽ വരപ്രസാദം ഉണ്ടെന്നു താരക പ്രസംഗിക്കുകയും "അതു അറ്റുപോകുന്നതു എങ്ങിനെയെന്നു ആരെങ്കിലും വിചാരിച്ചു പറയട്ടെ" എന്നൊരു വിശ്വവാദംപാകയും ചെയ്തിരിക്കുന്നു. നവീകരണത്തിൽ ശ്ലീഹായിക്കടുത്ത കൈവെപ്പ് അറ്റുപോയിരിക്കുന്നു എന്നു വിചാരിച്ചുപറഞ്ഞുകേൾപ്പാൻ ഞങ്ങളുടെ സഹജീവികളുള്ള ആഗ്രഹം സാധിപ്പിച്ചുകൊടുക്കുന്ന ഭാരം ഞങ്ങൾതന്നെ ഏറ്റിരിക്കുന്നു.

കഴിഞ്ഞുപോയ മാർ അത്താനാസ്യോസിനു അടുത്തു മുമ്പു മലങ്കര ഭരിച്ച മെത്രാൻ ചേപ്പാട്ട മാർ ദീവന്നാസ്യോസ അവർകളും ആയദ്ദേഹത്തിന്റെ മുമ്പു പുന്നത്ര മാർ ദീവന്നാസ്യോസ അവർകളും അതിനു മുമ്പു പുലിക്കോട്ട മാർ ദീവന്നാസ്യോസ അവർകളും ആയിരുന്നു ഈ മൂവർക്കും വരപ്രസാദം ലഭിച്ചതു തൊഴിയൂർപള്ളിയിൽ ഇരുന്നിരുന്ന മാർ പീലക്സിനോസ് മെത്രാനിൽ നിന്നായിരുന്നു. ആയദ്ദേഹത്തിന്റെ വരമൊ ആ ഇടവകയിൽ കൈവെപ്പ് എന്നപോലെ തുടച്ചയായിരുന്ന അഞ്ചാറു മെത്രാന്മാരുടെ കൈവഴിയായിരുന്നു അതിനാൽ ഇതിനെ അറിയാനുള്ളതു തൊഴിയൂർ മെത്രാന്മാരുടെ കൈവെപ്പിന്റെ ഉത്ഭവം എവിടെനിന്നു എന്നാകുന്നു. അതു അന്ത്യോഖ്യാപാത്രിയർക്കാസിംഹാസനത്തിനു നിന്നു വാഴിക്കപ്പെടുകയും മുടക്കപ്പെടുകയും ചെയ്ത പരദേശ ബാവാന്മാരിൽ ഒരുവനായിരുന്ന മാർ ഗ്രീഗോറിയോസിനു നിന്നായിരുന്നു. ആയദ്ദേഹം ൧൭൭൨-ാമാണ്ടു മട്ടാഞ്ചേരിൽ പള്ളിയിൽ വച്ചു കാട്ടുമങ്ങാട്ട റമ്പാനെ കൂറിലോസ എന്ന നാമത്തിൽ മെത്രാനായി വാഴിച്ചു ആ കൂറിലോസിൽനിന്നു തുടർച്ചയായി വാഴിക്കപ്പെട്ടവരിൽ ഒരുവനായിരുന്നു മാർഅത്താനാസ്യോസിനു മുമ്പു മലങ്കര ഭരിച്ച മൂന്നാളുകളെ പ്രതിഷ്ഠിച്ചതു അതിനാൽ ചേപ്പാട്ട മാർ ദീവന്നാസ്യോസമുതൽപേർക്കും ശ്ലീഹാക്കടുത്ത കൈവെപ്പ് പൂർത്തിയായി ഉണ്ടായിരുന്നില്ലന്നുള്ള താരകയുടെ സമ്മതംകൊണ്ടു മാർ ഗ്രീഗോറിയോസബാവാ വിനു നിന്നു കാട്ടു

മങ്ങാട്ട റെമ്പാനു കൊടുത്ത വരപ്രസാദവും പൂൎത്തിയല്ലന്നു ആൎക്കും സമ്മതിക്കാതിരിപ്പാൻ പാടില്ല- ആ കൈവെപ്പു പൂൎത്തിയാകാതിരിപ്പാനുള്ള കാരണം ശ്ലീഹായ്ക്കടുത്ത കൈവെപ്പിന്റെ തലയുറവയായ അന്ത്യൊഖ്യസിംഹാസനത്തിൽ നിന്ന കാട്ടുമങ്ങാട്ട റെമ്പാനെ വാഴ്പാൻ ഗ്രീഗൊറിയൊസിനെ അധികാരപ്പെടുത്താഞ്ഞതിനാലും അധികാരപ്പെടുത്തിയാലും കാനൊൻപ്രകാരം ആവശ്യംവെണ്ടിയിരിക്കുന്ന രണ്ടൊ മൂന്നൊ കൂട്ടമെത്രാന്മാരുടെ സഹകരണം ഇല്ലാഞ്ഞതിനാലും ആയിരിക്കണം അല്ലാതെ വേറെകാരണങ്ങൾ ഉള്ളതായി തൊന്നുന്നില്ലാ-

എന്നാൽ ഇപ്പൊഴത്തെ നവികരണതലവന്റെ കൈവെപ്പു എവിടെനിന്നാകുന്നു? അന്ത്യൊഖ്യായിൽനിന്നു വരപ്രസാദംലഭിച്ചു കഴിഞ്ഞുപൊയ മാർ അത്താനാസ്യൊസിൽ നിന്നുതന്നെ-

കാട്ടുമങ്ങാട്ടറെമ്പാനെ വാഴിച്ച ഗ്രീഗൊറിയൊസും നവീകരണതലവനെ വാഴിച്ച അത്താനാസ്യൊസും തലഉറവയായ അന്ത്യൊഖ്യായിൽ നിന്ന കൈവെപ്പു പ്രാപിച്ചു- രണ്ടപേൎക്കും പിൻവാഴികളെ വാഴിപ്പാൻ ആ തലഉറവയിൽ നിന്ന സ്വാതന്ത്ര്യം കൊടുത്തിട്ടില്ലായിരുന്നു. രണ്ടപെൎക്കും രണ്ടുമൂന്നു കൂട്ടമെത്രാന്മാരുടെ സഹകരണം ഇല്ലായിരുന്നു- എന്നാൽ നവീകരണതലവനെ വാഴിച്ചപ്പൊൾ തൊഴിയൂർ കൂറിലൊസമെത്രാൻ കൂട്ടുഉണ്ടായിരുന്നു എന്നപറയുമായിരിക്കും- എന്നാൽ ആ തൊഴിയൂർ കൂറിലൊസ മാർ അത്താനാസ്യൊസിനാൽ അധികാരംകൂടാതെയും കൂട്ടമെത്രാന്മാരെ കൂടാതെയും വാഴിക്കപ്പെട്ട ആൾ ആയിരുന്നതുകൊണ്ട അദ്ദെഹത്തിന്റെ കൈവെപ്പു അസാധുവായിരിക്കെ, രണ്ടുകുരുടന്മാർ കൂടിയാൽ ഒരുകുരുടനു കാഴ്ചഉണ്ടാകാത്തതുപൊലെ കൈവെപ്പില്ലാത്ത ആളിന്റെ കൂട്ടു നിരൎത്ഥമെന്നെ ഉള്ളൂ.

ആകയാൽ മാർ ഗ്രീഗൊറീയൊസ കാട്ടുമങ്ങാട്ട റെമ്പാനെ വാഴിച്ചതും- മാർ അത്താനാസ്യൊസ തൊഴിയൂർ കൂറീലൊസിനെയും നവീകരണ തലവനെയും വാഴിച്ചതും തമ്മിൽ എന്താണ ഭെദം ഉള്ളതു- ഒട്ടും ഇല്ലന്നില്ലാ എന്തെന്നാൽ മാർഗ്രീഗൊറിയൊസ ആ വാഴ്ചകാലത്തു കുറമില്ലാത്ത ഒരു മെത്രാൻ ആയിരുന്നു മെലാവിന്റെ മുടക്കില്ലാ സത്യലംഘനത്താൽ തന്നത്താൻശാപം വലിച്ചു തലയിൽ കയറ്റിയിരുന്നില്ലാ- സ്ഥാനാരോഹണസമയം പാത്രിയൎക്കീസിന്റെ കല്പനയ്ക്കും സുറിയാനിവിശ്വാസത്തിനും എതിരായി നില്ക്കുന്നകാലത്തു ശ്ലീഹായിക്കടുത്ത ഠരം നൽവരത്തിൽ നിന്നു ഇതരനായും ബെലയാറിനു ചെങ്ങാതിയായും തീരുമെന്നു ശുദ്ധകുൎബ്ബാനയും വേദപുസ്തകവും സ്ലീബായും സാക്ഷിച്ചുചെയ്തു ആ വലിയ സത്യഉടമ്പടിയെ ലംഘിച്ചു തന്നത്താൻ സ്ഥാനത്തിൽനിന്നു ഉരിയപ്പെട്ടവനായും ഇരുന്നില്ലാ.

എന്നാൽ നേരെമറിച്ചു മാർഅത്താനാസ്യൊസ തന്റെ സ്വന്തസത്യപ്രകാരവും ഉടമ്പടിപ്രകാരവും ശ്ലീഹായ്ക്കടുത്ത ഠരം നൽവരത്തിൽ അന്യനായും മേല്പട്ടസ്ഥാനത്തിന്റെ നിലയങ്കിയിൽ നിന്നു ഉരിയപ്പെട്ടവനായും പാത്രിയൎക്കീസിനാൽ ഭ്രഷ്ടാക്കപ്പെട്ടവനായും വലിയവഞ്ചകനായ ബെലയാറിനു ചെങ്ങാതിയായുംഇരുന്നിരുന്ന സമയത്താണ മേൽ

പ്രകാരം ഒരുകൈവെപ്പു രണ്ടുപേൎക്കു കൊടുത്തതു.

അന്ന്യഥാ കുററംഒന്നും ഇല്ലാതിരുന്ന മാർഗ്രീഗോറിയോസ പ്രധാന പുരോഹിതന്റെ സമ്മതംകൂടാതെയൊ കൂട്ടുമെത്രാന്മാരെ കൂടാതെയൊ കാട്ടുമങ്ങാട്ടു റെമ്പാന്നു കൊടുത്ത വരപ്രസാദം അപൂൎണ്ണവും അസാധുവും ആണെന്നു താരക സമ്മതിക്കുന്ന ൧൮൦കാലത്തു സൎവ്വത്രകാററാളിയായും മുടക്കപ്പെട്ടവനായും വരപ്രസാദത്തിൽനിന്നു ഒഴിയപ്പെട്ടവനായും ഇരുന്നിരുന്ന മാർഅത്തനാസ്യൊസ യഥാസ്ഥിതിയിൽ നവീകരണതലവന്നു കൊടുത്തവരപ്രസാദം അററുപൊയില്ലന്നു താരകയ്ക്കു എങ്ങിനെപറയാം. എന്നുവിവരിച്ചു പറയട്ടെ എന്നു താരകയൊടുഞങ്ങളും ആവശ്യപ്പെടുന്നു.

നവീകരണതലവനു വരപ്രസാദംലഭിച്ച ആ ഉറവ മാറായിലെ കയ്പു ഉറവ അല്ലെന്നു എങ്ങിനെപറയാം മാർ അത്താനാസ്യൊസിനുമുമ്പു അടുത്ത കാലത്തുമലങ്കരഭരിച്ചു മെത്രാന്മാൎക്കു ശ്ലീഹായ്ക്കടുത്ത കൈവെപ്പു ആധീനമല്ലായിരുന്നാൽ അദ്ദെഹത്തിനു പിമ്പു ഒട്ടും ഇല്ലാ- നവീകരണതലവൻ ശുദ്ധമെ വെഷധാരി മാത്രമാണെന്നു അസ്പൃഷ്ടവാചകത്തിൽ താരക സമ്മതിക്കുന്നു എന്നു ന്യായമായി വിചാരിക്കെണ്ടിയിരിക്കുന്നു നവീകരണത്തിനു സാക്ഷാൽ കഹന്തൂസാ ഉണ്ടെന്നു വിചാരിക്കുന്നപക്ഷം താരകയുടെ മെൽപ്രസ്താവിച്ച സമ്മതപ്രകാരം അതു അപ്പൊസ്തൊലകൈവഴി ഉണ്ടായതൊ ശ്ലീഹായ്ക്കടുത്തതൊ ആയിരിക്കയില്ലാ- പിന്നെയൊ പമ്പാനദിതീരത്തുള്ള ആ അവിറൊന്ന്യ കുഡുംബത്തിലെക്കു സീനായിപൎവ്വതത്തിനു തുല്യമായ സഹ്യപൎവ്വതത്തിൽ നിന്നൊ മറെറാ നെരിട്ടുകിട്ടിയ പ്രസാദമായിരിക്കണം- അല്ലെങ്കിൽ അന്ത്യൊക്യായിൽനിന്നു കൈവെപ്പു പ്രാപിച്ചു ഒരാൾ പാലക്കുന്നത്തു തറവാട്ടിൽ സ്ഥാനം കൊടുത്താൽ അതു ശ്ലീഹായ്ക്കടുത്തതും മെൽപ്രകാരം അന്ത്യൊഖിൽനിന്നു വരം പ്രാപിച്ചു ഒരാൾ കാട്ടുമങ്ങാട്ടു തറവാട്ടിലൊ പുന്നത്രതറവാട്ടിലൊ ആഞ്ഞിലിമൂട്ടിൽ തറവാട്ടിലൊ സ്ഥാനംകൊടുത്താൽ ശ്ലീഹായ്ക്കടുക്കുത്തതുമാണെന്നു പൂൎവ്വാപരവിരുദ്ധമായി താരക ലജ്ജാവിഹീനം ഏററുപറയെണ്ടിവരും-

അതിനാൽ പ്രിയസഹൊദരന്മാരായ നവീകരണക്കാരെ! ശുദ്ധമുള്ളതും ശ്ലീഹായ്ക്കടുത്തതുമായ കൈവെപ്പു നിങ്ങളിൽ അററുപൊയിരിക്കുന്നു എന്നു നിങ്ങളുടെനാവും കൊടിയുമായിരിക്കുന്ന താരക അസ്പൃഷ്ടവാക്കിൽ സമ്മതിച്ചിരിക്കുമ്പൊൾ ആത്മാവിന്റെ വരം വൃഥാനിങ്ങൾ ഉപെക്ഷിച്ചിരിക്കുന്നതു എത്ര സങ്കടം എത്രവലിയനഷ്ടം എന്നു ഓൎപ്പിൻ പരിശുദ്ധറൂഹായാൽ അല്ലാത്ത പുറമെയുള്ള വെഷത്തിൽ നിങ്ങൾ ആശ്രയിക്കരുതെ ഇതാ വാദമാവരം നിങ്ങൾക്കു എന്നല്ലാ ലൊകത്തിൽ ഒരുസഭയ്ക്കും ആക്ഷെപമില്ലാത്ത വരപ്രസാദം സുറിയാനിസഭയിൽ ഇരിക്കുന്നു, വരുവീൻ, ൧൮൦ഉറവയിൽ നിന്നു പാനംചെയ്യീൻ;

സൂചനകൾ.

പുതിയസ്ഥാനം നല്കുതൽ_ കൊട്ടയം ഇടവകയുടെ എ_ പെ_ പെ_ ബ_ മാർപൌലൊസ അത്താനാസ്യൊസ മെത്രാപ്പൊലീത്താ അവൎകളെയും നിരണം ഇടവകയുടെ

എ. പെ. പെ. ബ. മാർഗ്രീഗോറിയൊസ മെത്രാപ്പോലീത്താ അവർകളെയും "ക്രൌൺഓഫ് തോർൺസ" എന്നൊരു സംഘത്തിന്റെ ഹൊനററിക്കമ്മാണ്ടറന്മാർ എന്ന സ്ഥാനത്തിൽ നിയമിച്ചു അമേരിക്കായിൽനിന്നു എഴുത്തുകളും സ്ഥാനചിഹ്നങ്ങളും വന്നിരിക്കുന്നതായി അറിയുന്നു. ഈ സംഘം ഒരു നിസ്സാരസംഘമല്ലാ. അതിലെ അംഗങ്ങളിൽ ബെൽജ്യം രാജാവു, നെതർലാണ്ടിലെ റാണി, പൊൎത്തുഗാൽ രാജാവു, സെർവിയായിലെ രാജാവു, റൂമേനിയായിലെ റാണി, റഷ്യാചക്രവൎത്തിയുടെ പ്രഥമകുമാരൻ, ഇത്താല്യാകിരീടാവകാശി, സ്വീഡൻരാജ്യത്തെ കിരീടാവകാശി, ജെൎമ്മൻചക്രവൎത്തിയുടെ സഹോദരൻ, ഓസ്ത്രിയായിലെ കിരീടാവകാശി, ഗ്രീക്കുസഭയിലെ പല എപ്പിസ്കോപ്പന്മാർ; മുതലായ അനേകം മഹാന്മാർ ഉൾപ്പെട്ടിരിക്കുന്നു. ഈ യോഗ്യന്മാർ ഒക്കയും അംഗങ്ങളായി ചെൎന്നിരിക്കുന്ന ഒരു സമാജത്തിന്റെ കമ്മാണ്ടർ (തലവൻ) എന്ന സ്ഥാനം വഹിക്കുവാൻ രണ്ടു സുറിയാനി മെത്രാപ്പോലീത്താന്മാൎക്കു നല്കിയിരിക്കുന്ന ബഹുമതി നിസ്സാരമെന്നു വിചാരിച്ചുകൂടാ.

റെസിഡെണ്ടസായ്പു- മെസ്റ്റർ ഗ്രിഗസായ്പു അവർകൾ ഈ മാസം ൫-നു- പീരുമേട്ടിൽനിന്നും കോട്ടയത്തു വന്നിരുന്നു. ഇവിടെ ഇംഗ്ലീഷസിമ്മനാരി ഇൻസ്റ്റിറ്റ്യൂഷ്യൻ, സുറിയാനിസിമ്മനാരി മുതലായ പലപ്രധാന സ്ഥാപനങ്ങളെയും കച്ചേരികളെയും സന്ദൎശിക്കയും എ. പെ. പെ. ബ. മാർദീവന്നാസ്യോസ മെത്രാപ്പോലീത്താ അവർകളുമായി ഒരു കൂടിക്കാഴ്ച കഴിക്കയും ചെയ്തു. സായ്പു ൬-നു- ഇവിടെനിന്നു പൊഞ്ഞീക്കരയ്ക്കു പോയിരിക്കുന്നു. കോട്ടയത്തെ പൂൎവീകകെട്ടിടങ്ങളിൽ ഒന്നായ വലിയപള്ളി കാണ്മാൻ താൻ ആഗ്രഹിക്കുന്നതായി അറിയിച്ചിരുന്നു എങ്കിലും നിശ്ചയിച്ചദിവസം വൎഷം അധികരിച്ചതിനാൽ കാണ്മാൻ കഴിഞ്ഞില്ലാ. അതിനെപ്പറ്റി സായ്പു അവർകൾ വളരെ പരിതപിക്കുന്നതായി പ്രസ്താവിച്ചു.

മാർയൂലിയോസ- സിലോൺ ഗോവാമുതലായ സെറൊലത്തീൻ ഇടവകയുടെ എ. പെ. ബ. മാർ അൽവാറീസ യൂലിയൊസ മെത്രാപ്പോലീത്താ അവർകൾ ഈ മാസാദ്യം സിമ്മനാരിയിൽ വന്നു ഒരു വാരത്തോളം താമസിച്ചിരുന്നു. ഗോവയിൽ കുറെ റോമാവിശ്വാസികൾ ഈയിടെ സുറിയാനി വിശ്വാസത്തിലേക്കു ചെരുവാൻ സമ്മതിച്ചു കമ്പി അയച്ചതനുസരിച്ചു ഗോവയിലേക്കു കൊളമ്പിൽനിന്നു പുറപ്പെട്ടിരിക്കയാണ. ഇവിടെ തന്റെ മാതൃസഭയുടെ ഇടയന്മാരെ സന്ദൎശിച്ചു ശുദ്ധചുംബനം ചെയ്തുംവച്ചു കരമാൎഗ്ഗം ഗോവയിലേക്കു പോയിരിക്കുന്നു.

വിഴതിരുത്തൽ- കഴിഞ്ഞ ഇടവകപത്രികയിൽ സാക്ഷിയുടെപെട്ടി എന്ന തലവാചക പ്രസംഗത്തിൽ ൨൭൨-ാം പുറത്തു ൩൦-ാം വരിയിൽ "പിന്നെയും ദാവീദുപറയുന്നതു എന്തെന്നാൽ" എന്നുമാത്രം പറഞ്ഞൊഴിച്ചു ആവാക്യം കാണിപ്പാൻ ഞങ്ങളുടെ അച്ചടിക്കാർ വിട്ടുകളഞ്ഞു. അതിനാൽ ആവാക്യങ്ങൾ താഴെ ചെൎത്തിരിക്കുന്നതു കൂട്ടിചെൎത്തു വായിക്കേണ്ടതാകുന്നു. സങ്കീൎത്തനം ൯൯- ൫ നമ്മുടെ ദൈവമായ കൎത്താവിനെ നിങ്ങൾ വാഴ്ത്തുവിൻ അവന്റെ പാദപീഠത്തെ നിങ്ങൾ വന്ദിപ്പീൻ. സങ്കീ- ൧൩൨- ൭- നാം അവന്റെ കൂടാരത്തിലേക്കു പൊകും. അവന്റെ പാദപീഠത്തെ വന്ദിക്കും ഇവിടെ വന്ദിപ്പാൻ പറഞ്ഞിരിക്കുന്ന ഈ പാദപീഠം സാക്ഷിയുടെ പെട്ടിയാകുന്നു നാളാഗമം ൨൮- ൨ ദൈവത്തിന്റെ ഉഭയസമ്മതത്തിന്റെ പെട്ടിക്കു നമ്മുടെ ദൈവത്തിന്റെ പാദപീഠത്തിനു തന്നെ ഒരു ഭവനത്തെ പണിപ്പാൻ ഞാൻ വിചാരിച്ചിരുന്നു.

ഒരു അഭിപ്രായഭേദം- മുമ്പാരിക്കൽ മലയാളമിത്രത്തിൽ കഴിഞ്ഞുപോയ മാർ അത്താനാസ്യോസിന്റെ ജീവചരിത്രം പ്രസിദ്ധപ്പെടുത്തിയിരുന്ന ഒരു ലേഖനത്തിൽ അദ്ദേഹം പരദേശത്തെക്കുപോയതു "സുറിയാനിസഭയിലെ കളകളെഒക്കയും വെരൊടെ പറിച്ചു അതിന്റെ പൂൎവീകശുദ്ധതയിലേക്കും കൂട്ടുകെട്ടില്ലാത്ത വിശ്വാസത്തിലേക്കും കൊണ്ടുവരുന്നതിനായിരുന്നു." എന്നു പ്രസ്താവിച്ചിരുന്നു. ഈ കഴിഞ്ഞലക്കം മിത്രത്തിൽ ഒരു തുടൎച്ച ലേഖനത്തിൽ ആലേഖകൻ തന്നെ പറയുന്നതു, അബ്രാഹം മല്പാൻ വളരെ അപേക്ഷിച്ചിട്ടും മാർ അത്താനാസ്യോസ സമ്മതിക്കാതെ "നവീകരണം അല്ലാത്ത സ്ഥിതിയിൽ കുൎബാന ചൊല്ലി പ്രസംഗിച്ചു" എന്നാകുന്നു. വെറൊരു ലക്കത്തിൽ, പരിശുദ്ധാത്മാവോടുള്ള അപേക്ഷ മുതലായതു അബദ്ധമാണെന്നു മാർ അത്താനാസ്യോസ മികവാറും പാത്രിയൎക്കീസു ബാവായെ സമ്മതിപ്പിച്ചു എന്നു ആലേഖകൻ തന്നെ പ്രസ്താവിച്ചിട്ടുണ്ടായിരുന്നു. പരദേശത്തേക്കുപോയതു നവീകരണം സ്ഥിരപ്പെടുത്തുവാനായിരുന്നു ചെന്നിട്ടു പാത്രിയൎക്കീസിനെ സമ്മതിപ്പിക്കയും ചെയ്തു. എന്നിട്ടും തിരിച്ചു വന്നപ്പോൾ നവീകരണം നിഷേധിച്ചുപോലും ആകപ്പാടെ എം. ജെ. സി. ബഹുരസികൻ തന്നെ എന്നു പറഞ്ഞാൽ കഴിഞ്ഞു.

ഒരു സമ്മാനം നല്കുതൽ

ഏ. വെ. വെ. ബെ. മാർദീവന്നാസ്യോസ മെത്രാപ്പോലീത്താ അവർകളുടെ ആജ്ഞയിലും സംരക്ഷണയിലും കോട്ടയത്തു താഴത്തങ്ങാടിയിൽ ഒരു ഇംഗ്ലീഷ പള്ളിക്കൂടം നടത്തിവരുന്ന വിവരം വായനക്കാർ അറിഞ്ഞിരിക്കുമല്ലൊ. ഇവിടെയുള്ള സുറിയാനി ക്രിസ്ത്യാനി ധനികന്മാരിൽ ഒരുവനായ കരിശ്ശേരിൽ ചെറിയാൻ അവർകളാൽ സ്വന്ത ചിലവുമ്മേൽ പണിയിച്ചിട്ടുള്ള ഒരു കെട്ടിടം ഏകദേശം നാലാറു വൎഷമായി ഈ കെട്ടിടത്തിൽ ഇംഗ്ലീഷ വിദ്യാഭ്യാസം സുറിയാനിക്കാരുടെ വകയായി നടത്തിക്കുവാൻ ആകാലത്തു വലിയ വ്യവഹാരങ്ങളാലും അന്യജോലികളാലും കഴിഞ്ഞിരുന്ന തിരുമനസ്സിലെക്കു സൌകൎയ്യം ഇല്ലാത്തതിനാൽ ഉടമസ്ഥൻ തല്ക്കാലത്തെക്കു ബ. കൊശിക്കുട്ടി ശ്രീധീകൻ അവർകളെ ഏല്പിച്ചു. ആദ്ദേഹം രണ്ടുമൂന്ന വൎഷത്തോളം പഠിത്വം നടത്തിയിരുന്ന അനന്തരം സുറിയാനിക്കാരുടെ പാഠകശാലയായി നടത്തിക്കണമെന്ന ആഗ്രഹിച്ചു ൧൦൫൬ ജനുവരിമാസത്തിൽ കെട്ടിടം ഒഴിപ്പിച്ചു. അക്കദയാക്കൊൻ തന്റെ അദ്ധ്യാപകന്മാരെയും കുട്ടികളെയും വെറൊരു സ്ഥലത്തെക്കു മാററികൊണ്ടു പൊകയും ഈ കെട്ടിടത്തിൽ മെത്രാപ്പോലീത്താ തിരുമനസ്സിലെ വകയായി ഒരു സ്കൂൾ സ്ഥാപിക്കയുംചെയ്തു. അപ്പോൾ ഇതെസംബന്ധിച്ച ശ്രീധീകൻ മുഖാന്തരം ഒരു ദുർവ്യവഹാരം ഉണ്ടാകകയും മജിസ്ത്രേട്ടിൽ മെത്രാപ്പോലീത്താ അവർകളുടെ കക്ഷിയെ ശിക്ഷിക്കയുംചെയ്തു. എന്നാൽ ഹൈക്കോടതി ആവിധിയെയും ശിക്ഷയെയും റദ്ദചെയ്തു വ്യവഹാരം ഉണ്ടായിട്ടും പഠിത്വത്തിൽ വീഴ്ച വരുത്തിയില്ല. അന്നുമുതൽ നാലാംക്ലാസുവരെ നാലുക്ലാസുകളും നാലുവാദ്ധ്യന്മാരും വച്ചു ക്രമമായി നടത്തിവരുന്നു.

പോയാണ്ടത്തെ വാൎഷികപരീക്ഷയിൽ ജയംപ്രാപിച്ച കുട്ടികൾക്കു സമ്മാനം കൊടുക്കുവാനായി ൧൦ാംമാസം ൧൭നു ശനിയാഴ്ച ൩ മണിക്കു ൧൦ാം പള്ളിക്കൂടത്തിൽ ഒരു യോഗം കൂടിയിരുന്നു. അഗ്രാസനാധിപത്യം വഹിച്ചതു മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടായിരുന്നു. സ്ഥലത്തെ മാന്യന്മാരും ഗ്രഹസ്ഥന്മാരുമായ അനേകം ആളുകളും സുറിയാനിപട്ടക്കാരും മാർദീവന്നാസ്യോസ സിമ്മനാരിയിലെയും ചങ്ങനാശേരിപള്ളിക്കൂടത്തിലെയും ചിലവാദ്ധ്യന്മാരും കൂടാതെ മാർഅത്തനാസ്യോസമെത്രാപ്പോലീത്താ അവർകൾ മുൻസിപ്പു നാരായണൻതമ്പി അവർകൾ റെവറന്റു തൊംസൻസായ്പ അവർകൾ ബ. സ്ലീബാശെമ്മാച്ചൻ അവർകൾ മനോരമപത്രാധിപർ അവർകൾ വിനോദിനിപത്രാധിപർ അവർകൾ മുതലായ പലരും ഹാജരുണ്ടായിരുന്നു. പള്ളിക്കൂടം പുഷ്പലതാദിതൊരണങ്ങളാലും കൊടികളാലും അലങ്കരിച്ചിരുന്നു. യോഗക്കാരെ രസിപ്പിക്കുവാൻ റബൈക്കു തംബൈർ മുതലായ ചിലനേരംപോക്കുകളും ഉണ്ടായിരുന്നു. ആദ്യം ഒരു പ്രാൎത്ഥനകഴിച്ചശേഷം ഹെഡ്‌വാദ്ധ്യാർ റിപ്പോൎട്ടുവായിച്ചു. വൎഷാന്ത്യപരീക്ഷയിൽ നൂറെക്കു ൭൫വീതം കുട്ടികൾ ജയം പ്രാപിച്ചിരിക്കുന്നതായി റിപ്പോൎട്ടിൽ കാണിച്ചിരിക്കുന്നതു ഗണം ഒരുപ്രശംസനീയമായ കാൎയ്യമെന്ന പറയേണ്ടിയിരിക്കുന്നു.

അനന്തരം ഓരോ സമുദായത്തിൽ ഉള്ള കുട്ടികൾ അതാതു സമുദായത്താൽ തന്നെ വിദ്യ അഭ്യസിപ്പിക്കപ്പെടുന്നതു ഏററവും ആവശ്യമാണെന്ന കാണിക്കുന്ന ഒരുചെറിയ പ്രസംഗം മനോരമപത്രാധിപർ പറഞ്ഞു. പിന്നാലെ റെവറന്റു തൊംസൻസായ്പ അവർകൾ ചെറിയ കുട്ടികളുടെ പഠിപ്പിൽ വളരെ ശുഷ്കാന്തിവെണമെന്ന കാണിച്ചുകൊണ്ടു ഉപദേശിച്ചു. അതിന്റെശേഷം മുൻസിപ്പു അവർകൾ കൎണ്ണരസമായി ഒരുപ്രസംഗം കഴിച്ചയുടൻ ജയശാലികളായ കുട്ടികൾക്കുള്ള സമ്മാനങ്ങൾ മെത്രാപ്പോലീത്താ അവർകളാൽ നല്കപ്പെട്ടു. അനന്തരം കുട്ടികളെ ദൈവഭയത്തിൽ വളൎത്തേണ്ട ആവശ്യം പ്രതിപാദിച്ചു അഗ്രാസനർ ഉപദേശിച്ചശേഷം ഒരുപ്രാൎത്ഥനയോടുകൂടി സംഘംപിരിഞ്ഞു. റെവറന്റ തൊംസൻസായ്പ അവർകൾ തന്റെ സ്വന്തചിലവുമ്മേൽ ഓരോക്ലാസിൽ വെദപുസ്തക പരീക്ഷയിൽ പ്രാഥമികന്മാരായ നാലുകുട്ടികൾക്കു ഓരോസമ്മാനം കൊടുക്കുകയുണ്ടായി. ആകപ്പാടെ ൧൦ാംയോഗം വളരെ ഭംഗിയായി അവസാനിച്ചു. പള്ളിക്കൂടത്തിന്റെ തല്ക്കാലസ്ഥിതി വളരെ ശ്ലാഘ്യനീയമായിരിക്കുന്നു. അതിനെ ഉന്നതസ്ഥിതിയിൽ കൊണ്ടുവരുവാൻ ഉററുശ്രമിക്കുന്ന ഹെഡ്‌വാദ്ധ്യാർ അവർകളെയും മാനേജർ മലയാളവിനോദിനി പത്രാധിപർ അവർകളെയും ഞങ്ങൾ ഏററവും അഭിനന്ദിക്കുന്നു. സമുദായത്തിനു സ്വന്തം ചിലവുമ്മേൽ ഒരുനല്ലകെട്ടിടം ഉണ്ടാക്കി വിട്ടുതന്ന കരിശ്ശേരിൽ ചെറിയാൻ അവർകളെ കണ്ടുപഠിക്കുവാൻ മററുള്ള ഗ്രഹസ്ഥന്മാരും പുറപ്പെടുന്നപക്ഷം സുറിയാനിസമുദായത്തിൽ ഒരുകാൎയ്യത്തിനും ക്ഷാമം ഉണ്ടാകുന്നതല്ലെന്നു തീൎച്ചയായി പറയാം.

മലങ്കര ഇടവകപ്പത്രിക

വടക്കൻപറവൂർ ക്ലാസ ൧

അരീക്കൽ വറിയ്യു വക്കി
എടപ്പള്ളി കളങ്ങരെ വറിയ്യു പൌലൊ
ഈരാളി വറിയ്യു മാത്തു കത്തനാർ

ക്ലാസ്സ്

ഈരാളി കോരുതുവറീതു
കളങ്ങരെ പൌലൊ മാത്തു
മാണിയാടൻ പൌലൊ വറിയ്യു
കളങ്ങരെ ചാക്കോയോഹന്നാൻ
അരീക്കൽ ചാക്കൊപൈലി
കളങ്ങരെ പൌലൊ ഇട്ടിമാത്തു
ഈരാളി വറിയ്യു വക്കി
കടവിൽ ക്രൂരൻ വക്കി വറിയ്യു

ക്ലാസ്സ്

ഈരാളിൽ ചാക്കൊ വക്കി
മാണിയാറ വറിയ്യു പൌലൊ
കളങ്ങരെ അവരാ ഇട്ടിമാത്തു
മാണിയാറെ വറിയ്യു ചാക്കൊ
ടിയിൽ വക്കി, കുഞ്ഞവറിയ്യു
കളങ്ങരെ അവരാ പൌലൊ
മാണിയാറ വറിയ്യു വറിയ്യു
കളങ്ങരെ അവരാ വറിയ്യു
മാണിയാറ ചെറിയ്യു വറിയ്യു
മാണിയാറ വറിയ്യു കുൎയ്യു
മാണിയാറവക്കി വറിയ്യു
ഈരാളി ചാക്കൊ ഇട്ട്യേച്ചൻ
നമ്പീശത്തു വറിയ്യു ചാക്കൊ

കൊട്ടയം ക്ലാസ്സ

വെങ്കടത്തലക്സന്ത്രയൊസുകത്തനാര
ഹൈക്കോട്ടുവക്കീൽ എം മാത്തു
എറികാട്ടുമാത്തു ആയിപ്പ
ചിറക്കടവിൽ കോരകോര
മാളെക്കൽ ചാണ്ടികുൎയ്യൻ
കൊച്ചുപുരയ്ക്കൽ അയിപ്പ കൊച്ചയിപ്പ
കരോട്ടു ചെറിയാൻ തൊമ്മി

൨ാം ക്ലാസ്സ

വെള്ളൂർ കൊച്ചുമിച്ചി ചാണ്ടികുൎയ്യൻ
പടിഞ്ഞാറെക്കരെ പുന്നൻ കുൎയ്യൻ
പള്ളത്തുശ്ശേരിൽ കോരകോര
ചേരിക്കൽ മാത്തൻ കോര
കൊച്ചുപറമ്പിൽ കുൎയ്യൻ പുന്നൻ
പുത്തൻപറമ്പിൽ ഇട്ടിയവരാ കോര
പടിഞ്ഞാറെപറമ്പിൽ ഉതുപ്പമാത്തു
കാഞ്ഞിരത്തിൽ ഇട്ടിയവിരാ കുൎയ്യൻ
ചേരിക്കൽ മണപ്പുറത്ത മാത്തൻ ചുമ്മാര
മരീങ്ങാളിൽ പൊത്തൻ ചുമ്മാര
മുട്ടമ്പുറത്ത ഇട്ട്യപ്പ ഔസെപ്പ
കൊണ്ടാട്ടുപറമ്പിൽ പൊത്തൻ ചാക്കൊ
പള്ളത്തുശ്ശേരിൽ കോരതൊമ്മൻ
ഇപ്പിക്കൽ ഉലഹന്നൻ ചാക്കൊ

൩ാം ക്ലാസ്സ

ഇലഞ്ഞിത്ര കുൎയ്യൻ കുൎയ്യൻ

മലങ്കര ഇടവകപ്പത്രിക

പുത്തൻപുരക്കൽ തൊമ്മിക്കോരള
ചേരിക്കൽമാത്തൻവറുഗീസ
കണ്ണങ്കൊഴത്ത ചെറിയ ഇട്ടിഅയിപ്പ

൯-ാം ക്ലാസ

ആഞ്ഞാംമൂട്ടിൽ കൊച്ചെറിയചാക്കൊ
ആഴ്പ്പുത്രെ അവുസെപ്പകോര
പുഴിപ്പുറത്ത ഇട്ടിഅയിപ്പകൊച്ചുകുഞ്ഞു
വടക്കേട ഉലഹന്നൻ പൊത്തൻ
കണ്ടഞ്ചിറ തയ്യിൻകൊശി
കണ്ടഞ്ചിറ തയ്യിൻവറുഗീസ
വെട്ടിപ്പുറമ്പിൽ കയ്യിൻമാണി
വാഴപ്പുത്ര കോരകോര
പുത്തൻപറമ്പിൽ വറുഗീസഇട്ടി
വാഴയിച്ചേരിൽ ഒരംശൊചാണ്ടി
വല്ല്യവീട്ടിൽപറമ്പിൽ പക്കിമാണി
പാറക്കുളത്തിൽ വറുഗീസമാണി
മാളെക്കൽ ഗീവറുഗീസ ഇട്ടിക്കുരുവിള
ചക്കാലയിൽ ഇട്ടിചാക്കൊ
കന്നകാട്ടുനിന്നും പരികാട്ടുപാക്കുന്ന മത്തായിമാണി
കിഴക്കാലിൽ കുരുവിളമത്തായി
മണ്ണാട്ടുമഠത്തിൽ ഉണ്ണൂട്ടികയ്യിൻ
മഴവഞ്ചേരിൽ തൊമ്മാസമത്തായി, മാക്കാംകുന്ന
തൊപ്പിൽ ലൂക്കൊസകോറി_ തെക്കൻപറവൂർ

പരസ്യാ

കോട്ടയത്തു സിമ്മനാരിയിൽ മാർ തോമ്മാസ് അച്ചുക്കൂട്ടം വക എല്ലാ പുസ്തകങ്ങളും ബുക്കുഡിപ്പൊആയി വില്ക്കുന്നതിനു താഴെപ്പേരു വിവരംപറയുന്ന ആളുകൾവശം ഏല്പിച്ചിരിക്കുന്നതിനാൽ ആവശ്യപ്പെടുന്നവർ ആവക സ്ഥലങ്ങളിൽ അപേക്ഷിച്ചാൽ കിട്ടുന്നതാകുന്നു.

കുന്നംകുളം --- പനയ്ക്കൽ കുഞ്ഞൻമാത്തു ചുമ്മാര അവർകൾ.

മുളന്തുരുത്തി--- മാർതോമ്മാസ് സ്ക്കൂൾ ഹെഡമാസ്റ്റർ റ്റി. എം. ചാക്കൊ അവർകൾ

പാമ്പാക്കുട --- ദി. ശ്രീ. മലങ്കരെ മല്പാൻ കോനാട്ടു മാത്തൻ കത്തനാർ അവർകൾ.

തിരുവല്ലാ -- ചാലക്കുഴിയിൽ ഗബ്രിയേൽ മല്ക്കൂഅവർകൾ

എന്നു മാനേജർ.

മലങ്കര ഇടവകപ്പത്രിക.

പത്രിക വിലവിവരം.

	ബ്രിട്ടീഷ	രൂപാ	ചക്രം
ഒരു കൊല്ലത്തേക്കു		൧	൧൪
ഒററപ്രതിക്കു		,,	൪

പരസ്യക്കൂലി

ഒന്നാം പ്രാവശ്യത്തേക്കു	വരി ഒന്നിനു	,,	൮
പിന്നെ എല്ലാ പ്രാവശ്യങ്ങൾക്കും	ടി	,,	൧

NOTICE

പത്രിക സംബന്ധമായ സകല എഴുത്തുകളും ലേഖനങ്ങളും പണം അയക്കുന്നതും കോട്ടയത്തു സുറിയാനി അച്ചടിപ്പുര മാനേജൎക്കു മേൽവിലാസം വച്ചു അയക്കേണ്ടതാകുന്നു.

പത്രിക കൈപ്പറ്റുന്നവർ മുൻകൂറായി വരി അടക്കേണ്ടതാകുന്നു. പത്രവരി അഞ്ചൽസ്റ്റാമ്പായൊ തപാൽസ്റ്റാമ്പായൊ അയച്ചാലും മതിയാവും. എന്നാൽ രൂപാ ഒന്നുക്കു ഒരു അണ ഡിസ്കൌണ്ട വകവെച്ചുതരേണ്ടതാകുന്നു.

പരസ്യം.

മലങ്കരസുറിയാനി സുവിശേഷസമൂഹംവകക്കു ആരെങ്കിലും ദ്രവ്യസഹായം ചെയ്യുന്നതു കൈപ്പറ്റുന്നതിനു സിക്രട്ടറി സ്നേഹപുരസ്സരം കാത്തിരിക്കുന്നു.

വിഷപ്പട്ടി കടിക്കുന്നതിനു ഒരു കൈകണ്ട ഔഷധം.

വിഷപ്പട്ടി കടിച്ചാൽ ഏഴു ദിവസത്തിനകം ഒരു ഗുളിക ഇഞ്ചിനീററിൽ സേവിച്ചു മൂന്നുദിവസത്തെ പത്ഥ്യം എടുത്താൽ വിഷം നീങ്ങുന്നതാകുന്നു. ഗുളിക സേവിക്കേണ്ടും ക്രമവും പത്ഥ്യത്തിന്റെ വിവരവും ഗുളികയൊടുകൂടി കിട്ടുന്നതാകുന്നു ഈ ഗുളികകൾ കോട്ടയത്തു സുറിയാനി സെമ്മനാരിയിൽ വില്പാനുണ്ടു. ഗുളിക ഒന്നിനു വില രൂപാ കാൽ. ആവശ്യമുള്ളവർ വാങ്ങികൊള്ളുവാൻ ഇതിനാൽ അറിയിച്ചുകൊള്ളുന്നു

MARTHOMAS PRESS

KOTTAYAM